OASIS
NEWS BULLETIN മരുപ്പച്ച
Older Adults Sharing In Service

STATE BANK OF INDIA PENSIONERS' ASSOCIATION (KERALA) KOTTAYAM DISTRICT CENTRE

Vol. III Book. 03 Regd. No. ER/450/2001 1196 കുംഭം-മീനം Date: 31.03.2021

# ലോക ഉപഭോക്തൃ അവകാശ ദിനം

ഉപഭോക്തൃ അവകാശങ്ങളെയും ആവശ്യങ്ങളെയും കുറിച്ച് ആഗോള അവബോധം വളർത്തുന്നതിനുള്ള മാർഗമായി ഉപഭോക്തൃ പ്രസ്ഥാനം എല്ലാ വർഷവും മാർച്ച് 15 ന് ലോക ഉപഭോക്തൃ അവകാശ ദിനമായി അടയാളപ്പെടുത്തുന്നു.

**എല്ലാ ഉപഭോക്താക്കളുടെയും അവകാശങ്ങൾ മാനിക്കപ്പെടേണ്ടതാണെന്നും സംരക്ഷിക്കപ്പെടണമെന്നും ആവശ്യപ്പെടുന്നതിനും വിപണി ദുരുപയോഗത്തിനും ആ അവകാശങ്ങൾക്ക് തുരങ്കം വയ്ക്കുന്ന സാമൂഹിക അനീതികൾക്കുമെതിരെ പ്രതിഷേധിക്കുന്നതിനും ഉള്ള ഒരു** ദിനം ആയി ആചരിക്കുന്നു.



1962 മാർച്ച് 15 ന് യുഎസ് കോൺഗ്രസിന് ഒരു പ്രത്യേക സന്ദേശം അയച്ച പ്രസിഡന്റ് ജോൺ എഫ് കെന്നഡിയാണ് ലോക ഉപഭോക്തൃ അവകാശ ദിനത്തിന് പ്രചോദനമായത്, അതിൽ ഉപഭോക്തൃ അവകാശങ്ങളുടെ പ്രശ്നം ഔദ്യോഗികമായി അഭിസംബോധന ചെയ്തു. 1962 മാർച്ച് 15-ന് അമേരിക്കൻ പാർലമെന്റിൽ ഉപഭോക്താക്കളുടെ അവകാശങ്ങളെപ്പറ്റി പ്രസംഗിച്ചു. അങ്ങനെ ചെയ്ത ആദ്യത്തെ ലോകനേതാവായിരുന്നു അദ്ദേഹം. ഉപഭോക്തൃ പ്രസ്ഥാനം ആ തീയതി 1983 ൽ ആദ്യം അടയാളപ്പെടുത്തി, ഈ പ്രസംഗം നടത്തിയ ദിവസമാണ് പിന്നീട് ഉപഭോക്തൃ അവകാശദിനമായത് ഇപ്പോൾ എല്ലാ വർഷവും പ്രധാനപ്പെട്ട പ്രശ്നങ്ങളിലും പ്രചാരണങ്ങളിലും നടപടികൾ സമാഹരിക്കുന്നതിന് ഉപയോഗിക്കുന്നു..

എല്ലാവർഷവും മാർച്ച് 15 ലോക ഉപഭോക്തൃ അവകാശ ദിനം. സാധനങ്ങൾ വാങ്ങുമ്പോഴും സേവനങ്ങൾ ഉപയോഗിക്കുമ്പോഴും അവ ന്യായമായ വിലയിലും ഗുണമേന്മയിലും ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനുള്ള അവകാശം ഉപയോക്താവിനുണ്ട്. അങ്ങനെ ലഭിച്ചില്ലെങ്കിൽ അതു നിയമം വഴി നേടിയെടുക്കുന്നതിനുള്ള സംവിധാനങ്ങൾ പല രാജ്യങ്ങളിലുമുണ്ട്. ഇതിനായി ഇന്ത്യയിൽ നിലവിലുള്ള ഒരു നിയമമാണ് 1986-ലെ ഉപഭോക്തൃ സംരക്ഷണ നിയമം. ഇത്തരം കാര്യങ്ങളെക്കുറിച്ച് ഉപഭോക്താക്കൾക്കു ബോധവൽക്കരണം നൽകുന്നതിനായി 1983 മുതൽ എല്ലാവർഷവും മാർച്ച് 15 ലോക ഉപഭോക്തൃ അവകാശദിനമായി ആചരിച്ചുവരുന്നു.

**ലോക ഉപഭോക്തൃ അവകാശ ദിനം**



**ഈ ലോക ഉപഭോക്തൃ അവകാശ ദിനത്തിൽ (15 മാർച്ച് 2021), പ്ലാസ്റ്റിക് മലിനീകരണം പരിഹരിക്കുന്നതിന് ഉപഭോക്താക്കൾ ഒരുമിച്ച് ചേരും .**

# അന്താരാഷ്ട്ര വനിതാ ദിനം മാർച്ച് 8ന്




സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായ ഒരു മികച്ച നാഴികക്കല്ലാണ് അന്താരാഷ്ട്ര വനിതാ ദിനാചരണം. ആരോഗ്യം, വിദ്യാഭ്യാസം, സാമ്പത്തികം, രാഷ്ട്രീയം, തൊഴിൽ, കുടുംബം തുടങ്ങിയ മേഖലകളിൽ സ്ത്രീ നേടിയ മുന്നേറ്റത്തിന്റെ ഓർമ്മപ്പെടുത്തൽ കൂടിയാണ് ഈ ദിവസം.




ദേശത്തിന്റെ അതിരുകൾക്കപ്പുറത്ത്, ലോകമെമ്പാടുമുള്ള വനിതകൾക്കായി ഒരു ദിനം എന്ന ചിന്തയിൽ നിന്നാണ് വനിതാ ദിനാചരണം ഉരുത്തിരിഞ്ഞത്. അന്താരാഷ്ട്ര വനിതാദിനം (International women's day) എല്ലാ വർഷവും മാർച്ച് 8 -ാം തീയതി ആചരിക്കുന്നു. ഈ ദിനത്തിന് ഒരുപാട് ചരിത്ര നിമിഷങ്ങളുടെ ഓർമകൾ കൂട്ടുണ്ട്.

സ്വന്തം ജോലി സ്ഥലത്തെ സൗകര്യങ്ങളും ജീവിത സാഹചര്യങ്ങളും മെച്ചപ്പെടുത്താനായി സ്ത്രീകൾ നടത്തിയ മുന്നേറ്റത്തിന്റെ പിൻബലവും, വ്യവസായ കുത്തകകളുടെ ആധിപത്യത്തിനുമേൽ വിയർപ്പും ശക്തിയും കൊണ്ട് സ്ത്രീകൾ വരിച്ച വിജയത്തിന്റെ കഥയും അവയിൽ പ്രധാനപ്പെട്ടവ. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ വ്യാവസായിക വളർച്ചയിലേയ്ക്ക് കാലൂന്നിയിരുന്ന പല രാജ്യങ്ങളിലും കുറഞ്ഞ വേതനത്തിലും മോശപ്പെട്ട തൊഴിൽ ചുറ്റുപാടിലും ജീവിക്കേണ്ടിവന്ന സ്ത്രീകളുടെ കരളുറപ്പിന്റെ അനുസ്മരണമാണ് അന്താരാഷ്ട്ര വനിതാ ദിനമെന്ന ആശയത്തിന് പാതയൊരുക്കിയത്.

യാഥാസ്ഥിക പുരുഷാധിപത്യ സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട സ്ത്രീകളുടെ ശാരീരികവും, മാനസി കവും, സാമൂഹികവുമായ ശക്തീകരണം (Empowerment) ഇതിന്റെ ഭാഗമാണ്. ലിംഗസമത്വം (Gender Equality), ലിംഗനീതി തുടങ്ങിയ ആശയങ്ങൾ ഇതുമായി ബന്ധപെട്ടു ഉയർത്തിപ്പിടിക്കാറുണ്ട്. സ്ത്രീകളോടുള്ള വിവേചനവും (Discrimination) അതിക്രമങ്ങളും അവസാനിപ്പിക്കുക എന്നതും അന്താരാഷ്ട്ര വനിതാദിനാചരണത്തിന്റെ മുഖ്യ ലക്ഷ്യങ്ങളിൽ ഒന്നാണ്.

## ": കൊവിഡ്-19 ന്റെ ലോകത്തിൽ വനിതകൾ നേതൃത്വത്തിൽ തുല്യഭാവി കൈവരിക്കുന്നു "

*"Women in leadership: Achieving an equal future in a COVID-19 world."*

ഇതാണ് ഈ വർഷത്തെ അന്താരാഷ്ട്ര വനിതാദിന മുദ്രാവാക്യം







## പ്രൊവിഡന്റ് ഫ

## പലിശ 8.5%

പ്രൊവിഡന്റ് ഫണ്ട് നിക്ഷേപത്തിന് 8.5% പലിശ 2020-21 സാമ്പത്തിക വർഷവും നല്കണമെന്ന് ഇ.പി.എഫ്.ഒ. ട്രസ്റ്റ് യോഗം ശുപാർശ ചെയ്തു. 2019-20 സാമ്പത്തിക വർഷവും ഇത് 8.5% ആയിരുന്നു.

പ്രൊവിഡന്റ് ഫണ്ടിലെ പണം ഇ.പി.എഫ്.ഒ. വിപണിയിൽ നിക്ഷേപിച്ചു തുടങ്ങിയ ശേഷം 2014 മുതൽ 8.5 ശതമാനത്തിൽ കുറയാത്ത വരുമാനം ലഭിക്കുന്നുണ്ട്.

STATE BANK OF INDIA PENSIONERS' ASSOCIATION KERALA
OASIS NEWS BULLETIN മരുപ്പച്ച
Older Adults Sharing In Service
STATE BANK OF INDIA PENSIONERS' ASSOCIATION (KERALA) KOTTAYAM DISTRICT CENTRE

# വിദേശനാണ്യ കരുതൽ ശേഖരം

# ഇന്ത്യ നാലാം സ്ഥാനത്ത്

അന്താരാഷ്ട്ര നാണയ നിധിയുടെ പട്ടിക അനുസരിച്ച് ചൈനയ്ക്കാണ് ഏറ്റവും കൂടുതൽ വിദേശനാണ്യ കരുതൽ ധന ശേഖരമുള്ളത്. ജപ്പാനും സ്വിറ്റ്സർലാൻഡുമാണ് രണ്ടും മൂന്നും സ്ഥാനങ്ങളിൽ. ഡോളറിന്റെ വിനിമയ മൂല്യത്തിലുണ്ടായ ഇടിവ് ഇന്ത്യയുടെ നില 580.299 ബില്ല്യൺ യു.എസ്. $ ആയി മെച്ചപ്പെടുകയായിരുന്നു. ഇതോടെ നാലാം സ്ഥാനക്കാരായിരുന്ന റഷ്യ അഞ്ചാം സ്ഥാനത്തായി. സ്ഥാനമുയർന്നെങ്കിലും വിദേശനാണ്യ കരുതൽ ധന ശേഖരം മാർച്ച് 12ന് അവസാനിച്ച ആഴ്ച്ചയിൽ 430 കോടി ഡോളർ ഇടിഞ്ഞു.



| രാജ്യം റാങ്ക് | വിദേശനാണ്യ കരുതൽ ധന ശേഖരം (യു.എസ്. $ മില്ല്യൺ) | നില തിയതി |
|---|---|---|
| 1. ചൈന | 3,336,018 | February 2021 |
| 2 ജപ്പാൻ | 1,379,412 | February 2021 |
| 3 സ്വിറ്റ്സർലൻഡ് | 1,080,384 | January 2021 |
| 4 ഇന്ത്യ | 580,299 | 12 March 2021 |
| 5 റഷ്യ | 580,100 | 14 March 2021 |

# ചീഫ് ജനറൽ മാനേജർ (സ്ട്രാറ്റജി)ആയി ശ്രീ.എസ്.ആദികേശവൻ



സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ തിരുവനന്തപുരം സർക്കിൾ ലോക്കൽ ഹെഡ് ഓഫീസിൽ ചീഫ് ജനറൽ മാനേജർ (സ്ട്രാറ്റജി) ആയി ശ്രീ.എസ്.ആദികേശവൻ ചുമതലയേറ്റു. കാർഷിക മേഖലയിലും ഫിനാൻഷ്യൽ ഇൻക്ലൂഷനിലും ഉള്ള സമീപനങ്ങൾക്ക് രൂപം നല്കുന്ന ചുമതലയാണദ്ദേഹത്തിന് നല്കിയിരിക്കുന്നത്.

# ഇന്ത്യാ പോസ്റ്റ് ബാങ്ക് ഇടപാടുകളിൽ സർവീസ് ചാർജ് ഈടാക്കും

ഇന്ത്യാ പോസ്റ്റ് പേയ്മെന്റ് ബാങ്ക് ഇടപാടുകളിൽ സർവീസ് ചാർജ് ഈടാക്കും. ബേസിക് സേവിംഗ് ബാങ്ക് അക്കൗണ്ടിൽ മാത്രമേ ഇളവ് അനുവദിക്കു

കയുള്ളു. ഇതിൽ നാല് തവണ ചാർജില്ലാതെ പണം പിൻവലിക്കാം. അല്ലാത്ത എല്ലാ അക്കൗണ്ടുകളിലും 25000 രൂപയ്ക്ക് മേൽ പിൻവലിയ്ക്കുന്ന തുകയ്ക്ക് തുകയുടെ 0.5 ശതമാനമോ അല്ലെങ്കിൽ ഓരോ ഇടപാടിനും ചുരുങ്ങിയത് 25 രൂപയോ ഈടാക്കും



.

ഇന്ത്യാ പോസ്റ്റ് പേയ്മെന്റ് ബാങ്ക് ഇടപാടുകളിൽ ജീവനക്കാർ

അതുപോലെ പ്രതിമാസം 10000 രൂപ വരെയേ ചാർജില്ലാതെ പണം നിക്ഷേപിക്കാനാകൂ. അതിന് മുകളിൽ നിക്ഷേപിക്കുന്ന തുകയ്ക്ക് തുകയുടെ 0.5 ശതമാനമോ അല്ലെങ്കിൽ ഓരോ ഇടപാടിനും ചുരുങ്ങിയത് 25 രൂപയോ ഈടാക്കും. ആധാർ അധിഷ്ഠിത ബാങ്ക് ഇടപാടുകൾക്കും ഓരോ ഇടപാടിനും 20 രൂപാ മുതൽ ചാർജ്ജ് ഈടാക്കും.

## സ്റ്റെല്ലാപ്സ്

സ്റ്റെല്ലാപ്സ്, ഡെയറി ടെക് സ്റ്റാർട്ട് അപ്പിൽ പ്രധാനിയും ലോക സാമ്പത്തിക ഫോറത്തിന്റെ സാങ്കേതിക വക്താവുമായ "സ്റ്റെല്ലാപ്സ്", ഇൻഡ്യാ പോസ്റ്റ് പേയ്മെന്റ് ബാങ്കുമായി പാൽ സംഭരണ വാല്യൂ ചെയിൻ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള കരാർ ഒപ്പിട്ടു. തമിഴ് നാട്ടിലെ ധർമ്മപുരി ജില്ലയിലെ നാല് വില്ലേജുകളിൽ പദ്ധതിയ്ക്ക് തുടക്കമിട്ടു. ബാങ്കിങ്ങ് സൗകര്യം എത്തിപ്പെടാത്ത വിദൂര ഗ്രാമങ്ങളെ ലക്ഷ്യമിട്ടാണ് പദ്ധതി. തുടക്കത്തിൽ തമിഴ്നാട്, ഒഡീഷ, ബീഹാർ, രജസ്ഥാൻ എന്നി സംസ്ഥനങ്ങളെ ഉൾപ്പെടുത്തും.



## അടിസ്ഥാന പലിശ നിരക്ക് ഉയർത്തില്ലെന്ന് റിസർവ് ബാങ്ക്

അടിസ്ഥാന പലിശ നിരക്ക് ഉയർത്തുന്നത് പരിഗണനയിലില്ലെന്ന് റിസർവ് ബാങ്ക്. മോനിട്ടറി പോളിസി കമ്മറ്റി, റിപ്പൊ, റിവേഴ്സ് റിപ്പോ, കാഷ് റിസേർവ് റേഷ്യോ നിരക്കുകൾ നേരത്തേ 6.5%ത്തിൽ നിന്ന് 4% ആയി കുറച്ചു. റിവേഴ്സ് റിപ്പോ നിരക്കും 3.5% ആയി കുറച്ചു. കാഷ് റിസേർവ് റേഷ്യോ 3% ആയി കുറച്ചു. പണപ്പെരുപ്പം 4 ശതമാനത്തിൽ നിർത്താനാണ് ആർ.ബി.ഐ. ശ്രമം.

## പുതിയ ബാങ്ക് തുടങ്ങുന്നതിനുള്ള അപേക്ഷകൾ പരിശോധിക്കാൻ സമിതി രൂപീകരിച്ച് റിസർവ് ബാങ്ക്

യൂണിവേഴ്സൽ ബാങ്ക്, സ്മാൾ ഫിനാൻസ് ബാങ്ക് എന്നിവയ്ക്കായുള്ള അപേക്ഷകളാണ് സമിതി പരിശോധിക്കുന്നത്. സ്വകാര്യ മേഖലയിൽ യൂണിവേഴ്സൽ ബാങ്കിന് അപേക്ഷിക്കന്നവർക്കു ലൈസൻസ് നൽകുന്നതിന് 2016 ആഗസ്റ് ഒന്നിനും ചെറു ബാങ്കുകൾക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ 2019 ഡിസംബർ അഞ്ചിനുമാണ് റിസർവ് ബാങ്ക പുറത്തിറക്കിയത്.

## അർബൻ സഹകരണ ബാങ്കുകളുടെ ലയന ശുപാർശകൾ പരിഗണിക്കാൻ ആർ.ബി. ഐ. മാർഗ്ഗനിർദ്ദേശങ്ങൾ പുറത്തിറക്കി

പഞ്ചാബ് & മഹാരാഷ്ട്രാ സഹകരണ ബാങ്കിനെ ഏറ്റെടുക്കാൻ മൂന്ന് കമ്പനികൾ നൽകിയ അപേക്ഷകൾ പരിശോധിക്കുന്നതിനിടയിൽ അർബൻ സഹകരണ ബാങ്കുകളുടെ ലയന ശുപാർശകൾ പരിഗണിക്കാൻ .ആർ.ബി. ഐ .മാർഗ്ഗനിർദ്ദേശങ്ങൾ പുറത്തിറക്കി. ലയനമോ ഏറ്റെടുക്കലോ ഇതു പ്രകാരം പരിഗണിക്കാനാകും.

## ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് മികച്ച തൊഴിലിടം

ESAF
ESAF SMALL FINANCE BANK

ജീവനക്കാരുടെ തൊഴിൽ സംതൃപ്തിയും തൊഴിലിട സാഹചര്യങ്ങളും വിലയിരുത്തി സർട്ടിഫൈ ചെയ്യുന്ന ആഗോള സംഘടനയായ "ഗ്രേസ് പ്ലെയ്സ് റ്റു വർക്ക്" ആണ് ഇസാഫ് ബാങ്കിനെ മികച്ച തൊഴിലിടമായി തെരഞ്ഞെടുത്തത് .

## എസ്.ബി.ഐ. കോട്ടയം മാനേജ്മെന്റുമായി നടത്തിയ ത്രൈമാസ ചർച്ചാ യോഗം

### (Structured Meeting)

എസ്. ബി .ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റെ കോട്ടയം ഏരിയ കേന്ദ്രം ഭാരവാഹികൾ എസ്.ബി.ഐ. മാനേജ്മെന്റുമായി ത്രൈമാസ ചർച്ചാ യോഗം 2021 മാർച്ച് 20–ാം തിയതി കൊറോണ പ്രോട്ടോക്കോൾ പാലിച്ച് ഭാഗികമായി നേരിട്ടും ഭാഗികമായി വീഡിയോ കൊൺഫ്രൻസ് വഴി ഓൺലൈനായും നടത്തി. കോട്ടയം അഡ്മിനിസ്ട്രേറ്റിവ് ഒഫീസ് മേധാവി ഡെ. ജനറൽ മനേജർ ശ്രീ. വി. സുരേഷ് വാക്കിയിൽ അദ്ധ്യക്ഷത വഹിച്ചു. ചീഫ് മാനേജർ (എച്ച്. ആർ.) ശ്രീ. കോശി മാത്യുവും ഡെപ്യൂട്ടി മാനേജർ ശ്രീ അജിത് ലാലും ഉണ്ടായിരുന്നു . കൂടാതെ ബാങ്കിന്റെ ഭാഗത്തുനിന്ന് എല്ലാ റീജിയണൽ മാനേജർമാരും അവരുടെ മാനേജർ (എച്ച്.

ആർ.) മാരും വീഡിയോ കോൺഫെറൻസ് വഴിയും അല്ലാതെയും സന്നിഹിതരായിരുന്നു.



കോട്ടയം അഡ്മിനിസ്ട്രേറ്റിവ് ഒഫീസ് മേധാവി ഡെ. ജനറൽ മാനേജർ ശ്രീ. വി. സുരേഷ് വാക്കിയിൽ അദ്ധ്യക്ഷത വഹിച്ചു സംസാരിക്കുന്നു. ചീഫ് മാനേജർ (എച്ച്. ആർ.) ശ്രീ. കോശി മാത്യുവിനേയും ചിത്രത്തിൽ കാണാം.

യോഗം 12.45 മണിയോടെ ആരംഭിച്ചു. ചിഫ് മാനേജർ (എച്ച്.ആർ.) കോശി മാത്യു സ്വാഗതം ആശംസിച്ചു. ഡി.ജി.എം. തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ ഭവന വായ്പ്പാ കൌൺസിലർമാരായി പ്രവർത്തിക്കാൻ താല്പര്യമുള്ള പെൻഷൻകാർക്ക് അവസരം നല്കാൻ ശ്രമിക്കാമെന്ന് അറിയിച്ചു. കഴിഞ്ഞ യോഗത്തിന്റെ മിനിട്ട്സ് ചീഫ് മാനേജർ (എച്ച്. ആർ.) ശ്രീ. കോശി മാത്യു അവതരിപ്പിച്ചു. യോഗം അത് അംഗീകരിച്ചു.

നമ്മുടെ സംഘടനയെ പ്രതിനിധീകരിച്ച് ഡെ. ജനറൽ സെക്രട്ടറി ശ്രീ. മാത്യൂ അടയ്ക്കമുണ്ടയ്ക്കൽ, കോട്ടയം ജില്ലാ പ്രസിഡന്റ് ശ്രീ. എം.ജി.രാഘവൻ ജില്ലാ സെക്രട്ടറി ശ്രീ.പി.എം.ജേക്കബ്ബ്, എന്നിവരും ആലപ്പുഴ ജില്ലയിൽ നിന്നും മാവേലിക്കര ആർ.ബി.ഒ.യിൽ വീഡിയൊ കോൺഫറൻസിങ്ങ് മുഖേന വൈസ് പ്രസിഡന്റ് ശ്രീ. തോമസ് പി. മാത്യുവും യോഗത്തിൽ പങ്കെടുത്തു. തുടർന്ന് സംഘടനയെ പ്രതിനിധീകരിച്ച് ഡെ. ജനറൽ സെക്രട്ടറി ശ്രീ. മാത്യു അടയ്ക്കമുണ്ടയ്ക്കൽ ആമുഖ പ്രസംഗം നടത്തി. തുടർന്ന് അജണ്ട പ്രകാരമുള്ള വിഷയങ്ങൾ ഓരോന്നായി ചർച്ചക്കെടുത്തു. ചർച്ചയിൽ നമ്മുടെ അംഗങ്ങളുടെ കാര്യങ്ങൾ ഉന്നയിച്ചിരുന്നതിൽ പരിഹാര മാകാതെ കിടന്ന എല്ലാ വിഷയങ്ങളും ചർച്ച ചെയ്തു പുരോഗതി വിലയിരുത്തി. കോട്ടയം അഡ്മി നിസ്ട്രേറ്റിവ് ഒഫീസ് ഡിസ്പെൻസറിയിലെ ഡോക്ടർ ആരോഗ്യപ്രശ്നങ്ങളാൽ രാജി സമർപ്പിച്ചിരിക്കയാ ണെന്നും പകരം നിയമനത്തിനുള്ള നടപടിക്രമങ്ങൾ നടന്നു വരികയാണെന്നും അറിയിച്ചു. പകരം സംവിധാനം ത്വരിതഗതിയിൽ നടക്കേ തിന്റെ ആവശ്യകത ഡെ. ജനറൽ സെക്രട്ടറി ശ്രീ. മാത്യു അടയ്ക്കമുണ്ടയ്ക്കൽ ഡി.ജി.എമ്മിനെ ധരിപ്പിച്ചു. മൂന്ന് മാസത്തേയ്ക്ക് ഒരു താല്ക്കാലിക നിയമനം നടത്താനും പിന്നീട് നടപടിക്രമങ്ങൾ പൂർത്തിയാക്കി സ്ഥിരം നിയമനം നടത്തുവാനും നിദ്ദേശിച്ചത് അംഗീകരിച്ചു.

കോട്ടയം ഠൗൺ ശഖയിൽ എസ്. ബി. ഐ. പെൻഷനേഴ്സ് അസ്സോസിയേഷനായി നിർദ്ദേശിച്ചിട്ടുള്ള ഓഫീസ് റൂം നവീകരിച്ച് ഭംഗിയാക്കി താമസിയാതെ നല്കാമെന്ന് ഉറപ്പ് തന്നു. ഡെപ്യൂട്ടി മാനേജർ ശ്രീ അജിത് ലാലും ജില്ലാ പ്രസിഡന്റ് ശ്രീ. എം.ജി.രാഘവനും നന്ദി പ്രകാശനം നടത്തി. പെൻഷൻ കാരുമായുള്ള സൗഹൃദ ബന്ധം ദൃഢതരമാക്കുന്നതിനും പ്രശ്നങ്ങൾ വേഗത്തിൽ തീർത്ത് ആശ്വാസം ഉണ്ടാക്കുന്നതിനും ത്രൈമാസ യോഗങ്ങൾ സഹായിക്കുന്നുണ്ടെന്നു എടുത്ത് പറഞ്ഞു..



എസ്. ബി .ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റെ ജില്ലാ പ്രസിഡന്റ് ശ്രീ. എം.ജി.രാഘവൻ നന്ദി പ്രകാശനം നടത്തുന്നു. കോട്ടയം അഡ്മിനിസ്ട്രേറ്റിവ് ഒഫീസ് മേധാവി ഡെ. ജനറൽ മാനേജർ ശ്രീ. വി. സുരേഷ് വാക്കിയിൽ ചീഫ് മാനേജർ (എച്ച്. ആർ.) ശ്രീ. കോശി മാത്യു എന്നിവരേയും ചിത്രത്തിൽ കാണാം



എസ്.ബി.ഐ. കോട്ടയം മാനേജ്മെന്റുമായി നടത്തിയ ത്രൈമാസ ചർച്ചാ യോഗത്തിൽ ബാങ്കിന്റെ ഭാഗത്തുനിന്ന് പങ്കെടുത്ത റീജിയണൽ മാനേജർമാരേയും മാനേജർ (എച്ച്. ആർ.) മാരേയും കാണാം.

**ബാങ്കിന്റെ കോട്ടയം ഡിസ്പെന്സറിയിൽ പുതിയ ഡോക്ടർ ചാർജ് എടുക്കുന്നത് മിക്കവാറും ഈ മാസം 3-ാമത്തെ ആഴ്ച്ചയോടെ ആകുകയുള്ളു ഇപ്പോൾ അവിടെ സന്ദർശിക്കാതിരിക്കുക , അതുവരെ ക്ഷമിക്കുക . കൂടുതൽ വിവരങ്ങൾ അറിയിക്കുന്നതാണ്.**

# മരണ വീടുകളിലെ ദു:ഖക്കരച്ചിൽ എവിടെ പോയി?



**പി.പി.ഫിലിപ്പ്**

70 വയസു പ്രായത്തിലെത്തിയിരിക്കുന്ന ഇതു കുറിക്കുന്ന വന്റെ ഓർമ്മയിലുള്ള ആദ്യത്തെ മരണ വീടു സ്വന്തം വീടു തന്നെ. എനിക്ക് ആറു വയസുള്ളപ്പോൾ , എന്റെ പിതാവിന് 27 വയസുള്ളപ്പോൾ 1957 ഡിസംബർ 10 ന്ന് , പെട്ടെന്നുണ്ടായ ഒരു അസുഖത്തിന്റെ രണ്ടാം ദിവസം ,ഇലഞ്ഞി സർക്കാർ ആശുപത്രിയിൽ നിന്നും വൈയ്ക്കം താലൂക്ക് ആശുപത്രി യിലേക്കു കൊണ്ടുപോകുന്ന മാർഗമാധ്യേ , സ്വന്തം പിതാവിന്റെ മടിയിൽ തലവച്ചു കിടക്കവേ , എന്റെ പിതാവ് – എന്റെ അതേ പേരുകാരൻ പി.പി. ഫിലിപ്പ് , ഈ ലോകത്തോടു വിട പറഞ്ഞു .

ഒന്നാം ക്ലാസിലെ ഉച്ചവരെ പഠിത്തം കഴിഞ്ഞു ഞാൻ വീട്ടിലേക്കു തനിയെ നടന്നു പോകുമ്പോൾ റോഡിൽ വച്ചു പലരും തമ്മിൽ തമ്മിൽ എന്റെ ഇച്ചാച്ചന്റെ മരണ വിവരം പറഞ്ഞു വിലപിക്കുന്നതു ഞാൻ കേട്ടു. എനിക്കു അധികമൊന്നും മനസിലായില്ലെങ്കിലും ഇനി ഇച്ചാച്ചൻ ഉണ്ടാവുകയില്ലെന്നു മാത്രം മനസിലായി. നടന്ന അതേ വേഗത്തിൽ നടന്നു ഞാൻ വീട്ടിലെത്തിയപ്പോൾ കണ്ട രംഗം ഹോ! ഇന്നും ഓർക്കുന്നു. കുലയെത്തിയ വാഴകൾ പറമ്പിൽ വെട്ടി നിരത്തിയിരിക്കുന്ന പോലെ, വീടും പരിസരവും മുഴുവൻ വീണു നിലത്തു കിടന്നു കരയുന്ന ഒരു ഡസനി ലധികം കുടുംബാംഗങ്ങൾ ! ഇച്ചാച്ചന്റെ അമ്മയും ഞങ്ങളുടെ അമ്മയും ഇച്ചാച്ചന്റെ ഒൻപതു സഹോദരങ്ങൾ , പിന്നെ ഞങ്ങളുടെ സ്വന്തം വീടുകളിൽ നിന്നു മുറ്റത്തേക്കു കയറി വരുന്ന ഓരോരുത്തരും കരഞ്ഞു വീഴുകയായിരുന്നു. ഉച്ച കഞ്ഞിക്കാര്യം മറന്നു അമ്മയെ നോക്കി അന്തം വിട്ടു ഞാൻ നിന്നു . അനുജൻ എവിടെയായിരുന്നു എന്നു ഞാൻ ഓർക്കുന്നില്ല. 'ബോഡി ' അപ്പോഴും വീട്ടിൽ എത്തിയിരുന്നില്ല.

അക്കാലത്തു , എത്ര പ്രായമായവർ മരിച്ചാലും വീടുകളിൽ അലമുറയിട്ടു കരയുമായിരുന്നു. കരച്ചിൽ കണ്ടു നില്ക്കു ന്നവർ ഉറ്റവരേക്കാൾ സങ്കടത്തോടെ കരയുമായിരുന്നു. നാട്ടുകാരും കരയാൻ മുമ്പിലുണ്ടാകും.



അപ്പന്റെയോ അമ്മയുടെയോ മരണമറിഞ്ഞു വരുന്ന പെൺമക്കളുടെ കരച്ചിൽ കണ്ടു നിൽക്കാൻ സാധ്യമല്ലായിരു ന്നു. അവരുടെ കയറി വരവ് വലിയ രംഗങ്ങൾ സൃഷ്ടിക്കു മായിരുന്നു. മൃതദേഹം സിമിത്തേരി കുഴിയിലേക്കിറക്കു മ്പോൾ പലരും തളർന്നു വീഴുമായിരുന്നു. എനിക്കൊരു മുപ്പതു വയസാകുന്നവരെ ഇതായിരുന്നു സ്ഥിതി.

ക്രമേണ ഈ കരച്ചിലിന്റെ കാഠിന്യം കുറഞ്ഞു കുറഞ്ഞു വന്നു. ഇപ്പോഴോ? മരണ വീടുകളിൽ, മരിച്ചതു ആരു തന്നെയാട്ടേ, കരച്ചിൽ രംഗം അപൂർവം തന്നെ. എന്താ യിരിക്കും ഈ വലിയ മാറ്റത്തിന്റെ കാരണം ?

ഞാനോർക്കാറുണ്ട്. മനുഷ്യരുടെ ആകെമാന മനോഭാവത്തി ൽ വന്നു പോയ അടിസ്ഥാന മാറ്റം തന്നെയെന്നു കരുതാനേ കഴിയുന്നുള്ളു. സ്നേഹത്തിന്റെ ആഴം കുറഞ്ഞു പോയിട്ട് എന്നു കരുതാൻ മനസു വരുന്നില്ല. മരിക്കുമ്പോൾ കരയാൻ ആളു കുറയുന്നല്ലോ എന്നു വിചാരിക്കുമ്പോൾ ജീവിക്കാൻ ഉത്സാഹം കുറയുന്ന പോലെ തോന്നും . അതുകൊണ്ട് ആ ചിന്ത പാടേ മാറ്റിക്കളയുന്നു.

മരണ രംഗം മനുഷ്യർ യാഥാർത്ഥ്യ ബോധത്തോടെ നേരിട്ടു കൊള്ളട്ടെ. അതാ ഈ ലോകത്തു അവശേഷിക്കുന്നവർക്കു നല്ലത്.

ഓരോ മരണ വീടു കണ്ടിറങ്ങുമ്പോഴും കരയാൻ ആളു കുറയുന്നല്ലോ എന്നു തോന്നും. ലോകത്തിനു വരുന്ന ഓരോരോ മാറ്റങ്ങളേ !



## കവിത




രാത്രിയിൽ പുഴ
പകലെപ്പോലെ തന്നെ.
കളകളാരവങ്ങളും കിലുങ്ങിച്ചിരികളും
നുണക്കുഴിച്ചുഴികളും
അപ്പോഴും ഉണ്ടായിരുന്നു.

നക്ഷത്രങ്ങളുടെ വജ്രമാല
അവൾ കടംവാങ്ങി.
അലക്കിയ തൂനിലാവുടുത്ത് ,
അമ്പിളിപ്പതക്കം മാറിൽ ചാർത്തി,
കളഭമണിഞ്ഞ് .....

പൊന്മാനുകൾ മീൻ പിടിക്കാൻ
എത്തിയില്ലെന്നേയുള്ളൂ
വളവു തിരിഞ്ഞൊഴുകി വരുന്ന
അവളുടെ ചന്തം കാണാൻ
ആറ്റുവഞ്ഞികൾ
ഒളിഞ്ഞു നോക്കിയില്ലെന്നേയുള്ളൂ ..
ഒരു കൊതുമ്പുതോണിക്കാരന്റെ താരാട്ടിൽ
അവരൊക്കെ ഉറങ്ങിപ്പോയി.

പക്ഷേ, അവൾ ഏതോ ഓർമ്മകളുടെ പുഴയായി
ഒഴുകിക്കൊണ്ടേയിരുന്നു.

അവളുടെ മാറിൽ,
അടക്കിയിട്ടും അടങ്ങാത്ത നെടുവീർപ്പുകൾ
കുമിളകളായി പൊന്തി വന്നു കൊണ്ടിരുന്നു.

മരങ്ങളുടെ കരിനിഴലുകൾക്ക താഴെ
മണലോരം ചേർന്ന്,
അവൾ ഉറങ്ങാൻ ശ്രമിച്ചു.

പാതിരാക്കാറ്റ് ചാമരം വീശി നോക്കി;
കൂമൻ സാന്ത്വനിപ്പിച്ചു;

ഇല്ല.... ഉറങ്ങാനാവുന്നില്ല പുഴയ്ക്ക്...

### ശ്രീമതി വി. ഗീത



ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ കവിതകളും യാത്രാ വിവരണങ്ങളും ലേഖനങ്ങളും എഴുതുന്ന ഈ സാഹിത്യകാരിയുടെ മഴചീന്തുകൾ (കവിത സമാഹാരം) ഹിമ സൗരഭം (യാത്ര വിവരണം) എന്നീ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൈലാസ് മാനസ സരോവർ യാത്ര പുസ്തകരൂപത്തിൽ എൻ ബി എസ് പ്രസിദ്ധീകരിച്ചു..മലയാള സഹിത്യത്തിലും ഇംഗ്ലീഷ് സഹിത്യത്തിലും ബിരുദാനന്തര ബിരുദ ധാരിയായ ഗീത നോവൽ, കവിത സമാഹാരം, ചരിത്രം ഉൾപ്പെടെ പതിനൊന്നു പുസ്തകങ്ങൾ വിവർത്തനം ചെയ്തിട്ടുണ്ട്. എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷനിൽ . അംഗമാണ്.



ഈ പുഴയെ കുറിച്ചു തന്നെയാണ് ആ കവിത...വി. ഗീത

!

# കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215 ന്റെ ഭരണ സമിതി യോഗം

**കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215ന്റെ മാർച്ച്** മാസത്തിലെ ഭരണ സമിതി യോഗം 2021 മാർച്ച് മാസം 12–ാം തിയതി വെള്ളിയാഴ്ച പ്രസിഡന്റ് ശ്രീ **എം.ജി. രാഘവന്റെ** അദ്ധ്യക്ഷതയിൽ ഓൺലൈൻ ആയി നടന്നു. **അസിസ്റ്റന്റ് സെക്രട്ടറി** **ശ്രീ കെ.എൻ.വിശ്വനാഥൻ നായർ** സ്വാഗതം ആശംസിച്ചു.

അദ്ധ്യക്ഷൻ തന്റെ ഉപക്രമ പ്രസംഗത്തിൽ സംഘത്തിന്റെ വളർച്ചക്കാവശ്യമായ പുതിയ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കണമെന്ന് നിർദ്ദേശിച്ചു. അതിനായി പുതിയ ജി.ഡി.സി.എസ്. കുറികൾ, വായ്പ്പകൾ എന്നിവ തുടങ്ങുന്നത് കൂടാതെ സുരക്ഷിതമായ ഇൻവെസ്റ്റ്മെന്റുകൾ, ഫ്രഞ്ചൈസികൾ (നീതി മെഡിക്കൽ സ്റ്റോർ മുതലായവ), സ്ഥിരം ഓഫീസ് കെട്ടിടത്തിനായുള്ള ചർച്ചകൾ എന്നിവകൾ കൂടി യോഗം ആലോചിക്കണമെന്ന് നിർദ്ദേശിച്ചു.

**കഴിഞ്ഞ മാസത്തിലെ ഭരണ സമിതി യോഗത്തിന്റെ മിനിട്സ് സെക്രട്ടറി ശ്രീ. മാത്യു അടയ്ക്കമുണ്ടയ്ക്കൽ യോഗത്തിൽ അവതരിപ്പിച്ചു.**



അസിസ്റ്റന്റ് സെക്രട്ടറി ശ്രീമതി. ത്രേസ്യാമ്മ ആന്റണി

**അസിസ്റ്റന്റ് സെക്രട്ടറി ചുമതലയിലുള്ള ഭരണസമിതി യംഗം ശ്രീമതി. ത്രേസ്യാമ്മ ആന്റണി മാസാന്ത്യ കണക്കുകൾ അവതരിപ്പിച്ചു.**

**2021 മാർച്ച് 23-ാം തിയതി ഓൺലൈനായും കൊറോണ പ്രോട്ടോക്കോൾ പലിച്ച് ഭാഗികമായി നേരിട്ടും നടത്തുവാൻ തീരുമാനിച്ചിട്ടുള്ള വാർഷിക പൊതുയോഗത്തിന്റെ നോട്ടീസ്, അജണ്ട, വാർഷിക റിപ്പോർട്ട്, കണക്കുകൾ, ബൈലോ അമെന്റ്മെന്റ് എന്നിവകളെല്ലാം ഓണററി സെക്രട്ടാറി ശ്രീ. മാത്യു അടയ്ക്കമുണ്ടയ്ക്കൽ യോഗസമക്ഷം അവതരിപ്പിച്ച് ചർച്ച ചെയ്ത് ഭേദഗതികൾ വരുത്തി അംഗീകരിച്ചു.**

# സൊസൈറ്റി

## ജി.ഡി.സി.എസ് കുറികൾ നറുക്കെടുപ്പ്

സൊസൈറ്റിയുടെ നറുക്കെടുപ്പിൽ താഴെപ്പറയു ന്നവർ ജേതാക്കളായി.

**1. 25000 രൂപായുടെ കുറി – വട്ടമെത്തി**
**2. 25,000 രൂപായുടെ കുറി – വട്ടമെത്തി**
**3. 50,000 രൂപായുടെ കുറി – വട്ടമെത്തി**
**4. 100,000 രൂപായുടെ കുറി – വട്ടമെത്തി**
**5. 100,000 രൂപായുടെ കുറി –(123) റ്റി.എം.എം.അഷറഫ്**
**6. 100,000 രൂപായുടെ കുറി –(131) ജോയി ജോർജ്ജ് വഞ്ചിപ്പുര**
**7. 100,000 രൂപായുടെ കുറി – (170) ഗോപാലകൃഷ്ണൻ നായർ.പി.ജി.**
**8. 100,000 രൂപായുടെ കുറി – (200) മാത്യു അടക്കാമുണ്ടയ്ക്കൽ**
**9. 25000 രൂപായുടെ കുറി – (208) ഡോളി മൈക്കിൾ**

നറുക്ക് ലഭിച്ചവർക്ക് 2021 **ഏപ്രിൽ** മാസം 9–ാം തിയതി ജി.ഡി.സി.എസ് തുക കൊടുക്കുന്നതിന് തീരുമാനിച്ചു.

**ക്ലെയിം ചെയ്യുന്നതിനുള്ള അപേക്ഷാ ഫാറം ഓഫീസിൽ നിന്നു അയച്ചു തരുന്നതായിരിക്കും.** ഫോറങ്ങൾ പൂരിപ്പി ച്ച് ഓഫീസിൽ 9–ാം തിയതിക്ക് മുൻപായി എത്തിച്ച് തരണമെന്ന് സെക്രട്ടറി അറിയിക്കുന്നു.. **കഴിവതും യാത്ര ഒഴിവാക്കിയും അത് പൂരിപ്പിച്ച് ഒപ്പിട്ട് തിരിച്ചയച്ചു തരുക.** ഓഫീസിൽ സന്ദർശനം നടത്താതെ **സുരക്ഷിതരായിരിക്കുവാൻ** ശ്രദ്ധിക്കുമല്ലൊ. **കൂടുതൽ** വിവരങ്ങൾക്ക് ഓഫീസ് സെക്രട്ടറി ശ്രീമതി. **ത്രേസ്യാമ്മ ആന്റണിയെ** വിളിക്കുക. 94463 22416

# അംഗത്വത്തിനുള്ള അപേക്ഷ തീർപ്പാക്കൽ

## എ ക്ലാസ്

**താഴെ കൊടുത്തിട്ടുള്ള 2 "എ" ക്ലാസ്സ് അംഗത്വത്തിനുള്ള അപേക്ഷകൾ പരിഗണിച്ചതിൽ 2നും "എ" ക്ലാസ്സ് അംഗത്വം നല്കുന്നതിന് തീരുമാനമായി. പുതിയ അംഗങ്ങൾ :–**

1. **ശ്രീമതി.പി.കെ.ശോഭന,അരുൺ നിവാസ് വൈക്കം.**
2. **ശ്രീ. ഹരിദാസ്സൻ.കെ.എം.**

## സി ക്ലാസ്സ്

**കൂടാതെ ഇനിപ്പറയുന്ന 3 പേർക്ക് സി ക്ലാസ്സ് അംഗത്വവും അനുവദിച്ചു.**

1. **ശ്രീ. കെ.ഗോപാലകൃഷ്ണൻ**

1. ശ്രീ.ബാബു ജോസഫ്
2. ശ്രീ.ലക്ഷ്മണ റാവു

## നവാഗതർക്ക് സ്വാഗതം!

## 10-ാമത്തെ 1,00,000 രൂപയുടെ ജി.ഡി.സി.എസ് കുറി ഉടൻ ആരംഭിക്കുന്നു

10-ാമത്തെ 1,00,000 രൂപായുടെ ജി.ഡി.സി.എസ് കുറി ആരംഭിക്കുന്ന വിവരം സന്തോഷപൂർവം അറിയിക്കുന്നു. കുറച്ച് പേർക്ക് കൂടി ചേരുവാൻ അവസരമുണ്ട്. കൊവിഡ് മഹാമാരിയോടനുബന്ധിച്ച് വന്ന സർക്കാർ നിയന്ത്രണങ്ങൾ മൂലം പുതിയ അംഗങ്ങളെ ചേർത്ത് ഈ ജി.ഡി.സി.എസ് .ഇനിയും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. അതിനാൽ ജി.ഡി.സി. എസിൽ ചേരാൻ സ്വയം മുന്നോട്ട് വന്ന് ഓഫീസ് സെക്രട്ടറിയുമായി ബന്ധപ്പെട്ട് അപേക്ഷയും സ്റ്റാന്റിങ്ങ് ഇൻസ്ട്രക്ഷനും തന്ന് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. **ഇനിയും 5 പേർ കൂടി ചേർന്നാൽ മതി.**



വൈസ് പ്രസിഡന്റ് ശ്രീ.സി.പി.മാത്യു **കൃതഞ്ജത** പ്രകാശിപ്പിച്ചു. യോഗം 1 മണിയോടെ അവസാനിച്ചു.

## കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215 ന്റെ വാർഷിക പൊതുയോഗം

2019–20 പ്രവർത്തന വർഷത്തിലെ വാർഷിക പൊതു യോഗം 2021 മാർച്ച് 23–ാം തിയതി പ്രസിഡന്റ് ശ്രീ എം.ജി. രാഘവന്റെ അദ്ധ്യക്ഷതയിൽ ഓൺലൈനായും കൊറോണ പ്രോട്ടോക്കോൾ പലിച്ച് ഭാഗികമായി നേരിട്ടും നടത്തി.




മാർച്ച് 23–ാം തിയതി വാർഷിക പൊതുയോഗത്തിൽ ഓൺലൈനിൽ പങ്കെടുത്ത അംഗങ്ങളുടെ ഒരു ദൃശ്യം

വാർഷിക പൊതുയോഗത്തിന്റെ നോട്ടീസ്, അജണ്ട, വാർഷിക റിപ്പോർട്ട്, കണക്കുകൾ, ബൈലോ അമെന്റ്മെന്റ് എന്നിവകളെല്ലാം ഓണററി സെക്രട്ടറി ശ്രീ. മാത്യു അടയ്ക്കമുണ്ടയ്ക്കൽ യോഗ സമക്ഷം അവതരിപ്പിച്ച് ചർച്ച ചെയ്ത് അംഗീകരിച്ചു.

- 2019–20 പ്രവർത്തന വർഷത്തിലെ ലാഭവിഹിതം ഷെയർ ഒന്നിന് 15% നിരക്കിൽ നല്കുവാൻ തീരുമാനിച്ചു.
- സൊസൈറ്റി അംഗത്വം സംസ്ഥാനമൊട്ടു ക്കുള്ള എസ്.ബി.ഐ.പെൻഷൻകാർക്ക് നല്കുന്നതിനു ള്ള ബൈലാ ഭേദഗതി അംഗീക രിച്ചു. ആയത് സംസ്ഥാന സഹകരണ രജിസ്ട്രാർക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങുന്നതിന് എക്സിക്യൂട്ടിവ് കമ്മറ്റിയെ യോഗം ചുമതലപ്പെടുത്തി.
- ഒരു ലക്ഷം രൂപാ വരെയുള്ള 60 തവണകളായി തിരിച്ചടയ്ക്കാവുന്ന വായ്പ്പകൾ ജീവിത പങ്കാളിയുടെ മാത്രം ജാമ്യത്തിൽ നല്കുവാനും കുടുംബ പെൻഷൻ വാങ്ങുന്നവർക്ക് വായ്പ്പാ പരിധി 50,000 രൂപ വരെ നിലവിലുള്ള വ്യവസ്ഥകളിൽ കൊടുക്കുവാനും തീരുമാനിച്ചു.

## തിരുവനന്തപുരം ജില്ലാ ഘടകം എസ്.ബി.ഐ. മാനേജ്മെന്റുമായി നടത്തിയ ത്രൈമാസ ചർച്ചാ യോഗം

തിരുവനന്തപുരം അഡ്മിനിസ്ട്രേറ്റിവ് ഓഫീസി ൽ മാർച്ച് 3–ാം തിയതി ബുധനാഴ്ച്ച എസ്.ബി. ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റെ ജില്ലാ കേന്ദ്രം ഭാരവാഹികൾ എസ്.ബി.ഐ. മാനേജ്മെന്റുമായി ത്രൈമാസ ചർച്ചാ യോഗം നടത്തി.



എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റെ തിരുവനന്തപുരം പ്രതിനിധികളും ബാങ്ക് മാനേജ്മെന്റ് പ്രതിനിധികളും മുഖാമുഖം. ത്രൈമാസ ചർച്ചാ

യോഗത്തിൽ (Structured Meeting) ചർച്ചകൾക്ക് നേതൃത്വം കൊടുക്കുന്ന തിരുവനന്തപുരം ഡെ. ജനറൽ മാനേജർ മദ്ധ്യത്തിൽ.

## മലപ്പുറം ജില്ലാ ഘടകം വാർഷിക പൊതുയോഗം ഓൺലൈൻ ആയി നടത്തി

2021 ഫെബ്രുവരി 28–ാം തിയതി മലപ്പുറം ജില്ലാ ഘടകം വാർഷിക പൊതുയോഗം ഓൺലൈൻ ആയി നടത്തി. 15 അംഗങ്ങൾ പങ്കെടുത്തു.

ജില്ലാ പ്രസിഡന്റ് ശ്രീ.അശോക് കുമാർ അദ്ധ്യക്ഷത വഹിച്ചു. ഈശ്വര പ്രാത്ഥനയ്ക്കു ശേഷം എല്ലാവരെയും സ്വാഗതം ചെയ്തുകൊണ്ട് ശ്രീ.കറുപ്പൻ സംസാരിച്ചു.



മലപ്പുറം ജില്ലാ ഘടകം വാർഷിക യോഗത്തിൽ പങ്കെടുത്ത അംഗങ്ങളുടെ ഒരു ദൃശ്യം

കഴിഞ്ഞ യോഗത്തിന്റെ മിനിട്ട്സ്/മാസ്സാന്ത്യ കണക്കുകൾ ജില്ലാ സെക്രട്ടറി, യോഗ സമക്ഷം അവതരിപ്പിച്ച് ചർച്ച നടത്തി അംഗീകരിച്ചു. തുടർന്ന് ശ്രീ.ബാലകൃഷ്ണൻ കൃതഞ്ജത പ്രകാശിപ്പിച്ചു. യോഗം 12 മണിയോടെ അവസാനിച്ചു.

### സ്റ്റേറ്റ് ബാങ്ക് പെൻഷനേഴ്സ് അസ്സോസിയേഷൻ

## പത്തനംതിട്ട ജില്ലാ ഘടകത്തിന്റെ ഭരണസമിതി യോഗം

സ്റ്റേറ്റ് ബാങ്ക് പെൻഷനേഴ്സ് അസ്സോസിയേഷൻ പത്തനംതിട്ട ജില്ലാ ഘടകത്തിന്റെ ഭരണസമിതി (എക്സിക്യൂട്ടീവ് കമ്മിറ്റി) യോഗം 2021 മാർച്ച് 3–ാം തിയതി ബുധനാഴ്ച ഓൺലൈനിൽ ഗൂഗിൾ മീറ്റ് പ്ലാറ്റ്ഫോമിൽ ചേർന്നു. 11 പേർ പങ്കെടുത്തു.

യോഗം 10 മണിക്ക് ആരംഭിച്ചു . എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളിൽ 11 പേർ യോഗത്തിൽ പങ്കെടുത്തു പ്രസിഡന്റ്, ശ്രീ. കെ.രാജീവൻ,, ഡിജിഎസ്, ശ്രീ: ഗണപതി കൃഷ്ണൻ, എ.ജി.എസ് എന്നിവർ കൂടി യോഗത്തിൽ സന്നിഹിതരായിരുന്നു.



എസ് ബി ഐ പെൻഷനേഴ്സ് അസ്സോസിയേഷൻ പത്തനംതിട്ട ജില്ലാ ഘടകത്തിന്റെ ഭരണസമിതി യോഗത്തിൽ പങ്കെടുത്തു സംസാരിക്കുന്ന സംസ്ഥാന പ്രസിഡന്റ് ശ്രീ.കെ. രാജീവൻ.

യോഗത്തിൽ ജില്ലാ പ്രസിഡന്റ് ശ്രീ കെ.എ. ചെറിയാൻ അധ്യക്ഷത വഹിച്ചു. ജില്ല സെക്രട്ടറി ശ്രീ പി.ഐ.മാത്യു പങ്കെടുത്തവരെ സ്വാഗതം ചെയ്തു. . ജില്ലാ യൂണിറ്റിന്റെ സംഘടനാ കാര്യങ്ങളെക്കുറിച്ചും മുതിർന്ന പെൻഷൻകാരെ എങ്ങനെ സഹായിക്കാമെന്നും യോഗത്തിൽ ചർച്ച ചെയ്തു. എല്ലാ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളും ചർച്ചകളിൽ സജീവമായി പങ്കെടുത്തു. വൈസ് പ്രസിഡന്റ് ശ്രീ.എം.എസ്. മോഹൻ നന്ദി അറിയിച്ചുകൊണ്ട് 11.30 ന് യോഗം സമാപിച്ചു.

## എസ്.ബി.ഐ.പെൻഷണേഴ്സ് അസ്സോസിയേഷൻ സംസ്ഥാന ഭരണ സമിതി യോഗം



എ ജയകുമാർ, ജനറൽ സെക്രട്ടറി

എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷൻ സംസ്ഥാന ഭരണ സമിതി യോഗം മാർച്ച് 7–ാം തിയതി 10 മണി മുതൽ 3 മണി വരെ ഓൺലൈനിൽ ഗൂഗിൾ മീറ്റ് പ്ലാറ്റ്ഫോമിൽ നടത്തി. 31 അംഗങ്ങൾ പങ്കെടുത്തു. ഈശ്വര പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. സംസ്ഥാന പ്രസിഡന്റ് ശ്രീ.കെ. രാജീവൻ അദ്ധ്യക്ഷത വഹിച്ചു.

അനന്തരം ഈ കാലയളവിൽ നമ്മെ വിട്ട് പിരിഞ്ഞ അംഗങ്ങളെ അനുസ്മരിക്കുകയും അവരുടെ ആത്മ ശാന്തിക്കായി പ്രാർത്ഥനയോടെ ഒരു മിനിട്ട് മൗനം ആചരിക്കുകയും ചെയ്തു.

സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. എ.ജയകുമാർ, കഴിഞ്ഞ യോഗത്തിന്റെ മിനിട്ട്സ്/ റിപ്പോർട്ട് യോഗ സമക്ഷം അവതരിപ്പിച്ച് ചർച്ച നടത്തി അംഗീകരിച്ചു. ഫെബ്രുവരി 28–ാം തിയതി വരെയുള്ള മാസ്സാന്ത്യ കണക്കുകൾ ട്രഷറാർ ശ്രീ.കെ.എസ്.ജയറാം യോഗ സമക്ഷം അവതരിപ്പിച്ച് ചർച്ച നടത്തി അംഗീകരിച്ചു.



എസ് ബി ഐ പെൻഷനേഴ്സ് അസ്സോസിയേഷൻ സംസ്ഥാന ഭരണ സമിതി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു സംസാരിക്കുന്ന സംസ്ഥാന പ്രസിഡന്റ് ശ്രീ.കെ. രാജീവൻ.

**അസി. ട്രഷറർ ശ്രീ.ബാലചന്ദ്രൻ കൃതഞ്ജത പ്രകാശിപ്പിച്ചു.** യോഗം ഉച്ച കഴിഞ്ഞ് മൂന്നര മണിയോടെ അവസാനിച്ചു.

## വൈക്കം ഏരിയാക്കമ്മിറ്റി യോഗം ചേർന്നു



വൈക്കം ഏരിയ കമ്മറ്റി യോഗം മാർച്ച് 1 **തിങ്കളാഴ്ച** രാവിലെ 11 മണിക്ക് നടത്തിയ**പ്പോൾ പങ്കെടുത്ത അംഗങ്ങളുടെ ഒരു ദൃശ്യം**

വൈക്കം ഏരിയ കമ്മറ്റി യോഗം മാർച്ച് 1 **തിങ്കളാഴ്ച** രാവിലെ 11 മണിക്ക് ഓൺലൈനിൽ ഗൂഗിൾ മീറ്റ് പ്ലാറ്റ്ഫോമിൽ നടത്തി. കൺവീനർ പി.പി.ഫിലിപ്പ് അദ്ധ്യക്ഷത വഹിച്ചു. ഈശ്വര പ്രാത്ഥനയ്ക്കു ശേഷം എല്ലാവരെയും സ്വാഗതം ചെയ്തുകൊണ്ട് ജോയിന്റ് കൺവീനർ ശ്രീ. രാജഗോപാൽ സംസാരിച്ചു. പ്രസിഡണ്ട്, സെക്രട്ടറി, ഡെപ്യൂട്ടി ജനറൽ സെക്രട്ടറി തുടങ്ങിയ ഓഫീസ് ബെയറേഴ്സും പങ്കെടുത്തു. കൂടാതെ മറ്റ് 13 അംഗങ്ങൾ പങ്കെടുത്തു.



വൈസ് പ്രസിഡന്റ് ശ്രീ.കെ.എൻ.വിശ്വനാഥൻ നായർ ഓസ്ട്രേലിയായിൽ നിന്നും ഓൺലൈനിൽ പങ്കെടുത്തു സംസാരിച്ചു.

## ചങ്ങനാശ്ശേരി ഏരിയ കമ്മറ്റി മീറ്റിംഗ്.

**05.03.2021 ൽ 3.15 P.M.ന് ഏരിയ കൺവീനർ ശ്രീ. ജോൺ** വി.ചെറിയാന്റെ അദ്ധ്യക്ഷതയിൽ ഈശ്വര പ്രാർത്ഥനയോടെ

യോഗം ആരംഭിച്ചു. 27 അംഗങ്ങൾ പങ്കെടുത്തു. ജോ..കൺവീനർ ശ്രീ.ഉണ്ണി ക്കുഞ്ഞ് സ്വാഗതം . ആശംസിച്ചു. തുടർന്ന് കൺവീനർ അദ്ധ്യക്ഷ പ്രസംഗത്തിൽ പരിമിതികൾ ഉണ്ടെങ്കിലും ഇപ്പോഴത്തെ സാഹചര്യത്തിൽ ഓൺ ലൈൻ മീറ്റിംഗുകളുടെ പ്രാധാന്യത്തെക്കുറിച്ചച് സംസാരിച്ചു. ജില്ലയിലെ സംഘടനാപ്രവർത്തനങ്ങളെക്കുറിച്ച് വിശദമായി സെക്രട്ടറി ശ്രീ.പി.എം.ജേക്കബ് സംസാരിച്ചു. നമ്മുടെ അംഗത്വം വർദ്ധിപ്പിക്കുന്നതിന് എല്ലാവരുടെയും കൂട്ടായ പ്രവർത്തനം അദ്ദേഹം അഭ്യർത്ഥിച്ചു.



ചങ്ങനാശ്ശേരി ഏരിയ കമ്മറ്റി മീറ്റിംഗ്.

സംഘടനയിൽ ചേരാതെ മാറിനിൽക്കുന്ന നമ്മുടെമുൻ സഹപ്രവർത്തകരെ സംഘടനയിൽ ചേർക്കുവാൻ ശ്രമിക്കേണ്ടതാണെന്ന് ഓർമ്മിപ്പിച്ചു. ജില്ലാ പ്രസിഡണ്ട് ശ്രീ.എം.ജി.രാഘവൻ ആനുകാലിക സംഭവങ്ങളെക്കുറിച്ച് സംസാരിച്ചു. അദ്ദേഹം പെൻഷൻ പരിഷ്കരണം, ബെനവലന്റ് ഫണ്ട് സ്കീം, നമ്മുടെ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് വിശദമായി സംസാരിച്ചു. നമ്മുടെ 'ഒയാസിസ് ബുള്ളറ്റിൻ' കൂടുതൽ മികവുറ്റതാക്കാൻ അംഗങ്ങൾ പ്രസിദ്ധീകരണങ്ങൾ നൽകി സഹകരിയ്ക്കണമെന്ന് അഭ്യർത്ഥിച്ചു.എല്ലാ അംഗങ്ങളും സൊസൈറ്റി അംഗത്വം എടുക്കുവാൻ ശ്രദ്ധിയ്ക്കണ മെന്നും അറിയിച്ചു. ഡിജി.എസ്. ശ്രീ.മാത്യു അടക്കാ മുണ്ടക്കൽ സംഘടനാ പ്രവർത്തനങ്ങൾ വിശദീകരിച്ചു. **യോഗം 5 മണിയോടെ** അവസാനിച്ചു.

## കോട്ടയം-2 ഏരിയ കമ്മറ്റി യോഗം

മാർച്ച് 3-ാം തീയതി ഉച്ച കഴിഞ്ഞ് 3 മണിക്ക് ഗൂഗിൾ മീറ്റ് പ്ലാറ്റ്ഫോമിൽ നടത്തി. കോട്ടയം ജില്ലാ വൈസ് പ്രസിഡന്റും കോട്ടയം ഏരിയാക്കമ്മറ്റി - 2 കൺവീനറുമായ ശ്രീ. കെ.എൻ. വിശ്വനാഥൻ നായർ അദ്ധ്യക്ഷത വഹിച്ചു.

ഈശ്വര പ്രാത്ഥനയ്ക്കു ശേഷം എല്ലാവരെയും സ്വാഗതം ചെയ്തുകൊണ്ട് ജോയിന്റ് കൺവീനർ ശ്രീ. കെ.ജെ.വർഗീസ് സംസാരിച്ചു. തുടർന്ന് അജണ്ട പ്രകാരമുള്ള എല്ലാ കാര്യങ്ങളും കൃത്യതയോടെ നിർവഹിച്ച് യോഗം 5 മണിയോടെ അവസാനിച്ചു.



കോട്ടയം-2 ഏരിയ കമ്മറ്റി യോഗം മാർച്ച് 3ന രാവിലെ 11 മണിക്ക് നടത്തിയപ്പോൾ ജോയിന്റ് കൺവീനർ ശ്രീ. കെ.ജെ.വർഗീസ് സ്വാഗതം ആശംസിക്കുന്നു. പങ്കെടുത്ത അംഗങ്ങളുടെ ഒരു ദൃശ്യം

സ്റ്റേറ്റ് ബാങ്ക് പെൻഷനേഴ്സ് അസ്സോസിയേഷൻ

## തിരുവനന്തപുരം ജില്ലാ ഘടകത്തിന്റെ ഭരണസമിതി യോഗം



സ്റ്റേറ്റ് ബാങ്ക് പെൻഷനേഴ്സ് അസ്സോസിയേഷൻ തിരുവനന്തപുരം ജില്ലാ ഘടകത്തിന്റെ ഭരണസമിതി യോഗം നടന്നപ്പോൾ പങ്കെടുത്ത അംഗങ്ങളുടെ ഒരു ദൃശ്യം

എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ **തിരുവനന്തപുരം** ജില്ലാ ഘടകത്തിന്റെ ഭരണ സമിതി യോഗം **പ്രൊഫ.എൻ.കൃഷ്ണപിള്ള ഫൌ ഷൻ ഹാളിൽ വച്ച്** മാർച്ച് 15-ാം തീയതി **തിങ്കളാഴ്ച** ഉച്ച കഴിഞ്ഞ് 3 മണിക്ക് നടത്തി. **12 അംഗങ്ങൾ പങ്കെടുത്തു.** ജില്ലാ പ്രസിഡന്റ് **സ്ഥാനത്തേയ്ക്ക് ശ്രീ.എ.ആർ. സോമനാഥൻ പിള്ളയെ കൊപ്റ്റ് ചെയ്തു. വൈസ് പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് ശ്രീ.എസ്.സതീഷ് കുമാറിനേയും കൊപ്റ്റ് ചെയ്തു.** ജില്ലാ പ്രസിഡന്റ് അദ്ധ്യക്ഷത വഹിച്ചു. **ജില്ലാ സെക്രട്ടറി** ശ്രീ വി.എൽ.ജോസഫ് **റിപ്പോർട്ടും കണക്കും ഉൾപ്പടെ വിവിധ കാര്യങ്ങൾ** അവതരിപ്പിച്ച് ചർച്ച ചെയ്ത് അംഗീകരിച്ചു. **ഏപ്രിൽ 24-ാം തിയതി വാർഷിക യോഗം നടത്തുന്നതിന് മുന്നോടിയായി വാർഷിക റിപ്പോർട്ടും വാർഷിക കണക്കുകളും യോഗം അംഗീകരിച്ചു. ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ശ്രീ. സുരേന്ദ്ര നഥ് ഭാസ്.പി., തുടങ്ങിയവർ നേതൃത്വം നല്കി. 3 മണിക്കാരംഭിച്ച യോഗം അജണ്ട പ്രകാരമുള്ള** കാര്യങ്ങൾ മുഴുവൻ പൂർത്തിയാക്കി 5 മണിക്കാണ വസാനിച്ചത്.



ശ്രീ വി.എൽ.ജോസഫ്
ജില്ലാ സെക്രട്ടറി

## എസ്.ബി.ഐ.പെൻഷണേഴ്സ് അസ്സോസിയേഷന് തൃശ്ശൂരിൽ ഏരിയാ ഓഫീസ്

തൃശ്ശൂർ എസ്.ബി.ഐ. അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് പരിധിയിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന് കേരളത്തിൽ ആദ്യമായി അനുവദിച്ച ഓഫീസ് 2021 മാർച്ച് 10-ാം തിയതി ഡെ. ജനറൽ മാനേജർ ശ്രീ.രാജേഷ്. ആർ.യെണ്ണമാഡി നിലവിളക്ക് കൊളുത്തി ഉദ്ഘാടനം ചെയ്തു.



തൃശ്ശൂർ എസ്.ബി.ഐ. അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് ഡെ. ജനറൽ മാനേജർ ശ്രീ.രാജേഷ്. ആർ.യെണ്ണമാഡി എസ്.ബി.ഐ.പെൻഷണേഴ്സ് അസ്സോസിയേഷൻ ഏരിയാ ഓഫീസ് ഉദ്ഘാടനം നിലവിളക്ക് കൊളുത്തി നിർവഹിക്കുന്നു.

കരുണാകരൻ നമ്പ്യാർ റോഡിലെ വെസ്റ്റ് പള്ളിത്താനം ബിൽഡിങ്ങിൽ ഒന്നാം നിലയിലാണ് ഓഫീസ് അനുവദിച്ചത്. എസ്.ബി.ഐ.ഓഫീസേഴ്സ് അസ്സോസിയേഷൻ ഡി.ജി.എസ്. ശ്രീ. രഘുപതി, എസ്.ബി.ഐ. സ്റ്റാഫ് യൂണിയൻ ഡി.ജി.എസ്. ശ്രീ.ശ്രീവൽസൻ, എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷൻ ഡി.ജി.എസ്. ശ്രീ. റ്റി.റ്റി.ബാലകൃഷ്ണൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.



തൃശ്ശൂർ എസ്.ബി.ഐ. അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് ഡെ. ജനറൽ മാനേജർ ശ്രീ.രാജേഷ്. ആർ. യെണ്ണമാഡിയ്ക്ക് ഉപഹാരം നല്കി ആശംസകൾ നേർന്ന് യാത്രയയപ്പ് നല്കിയ വേളയിൽ

# നമ്മ ഹീറോ അലക്സണ്ണൻ കീ ജയ്!



ധീരതയോടെ മുന്നോട്ട്....




## സംസ്ഥാന മാസ്റ്റേഴ്സ് ഗെയിംസ് നീന്തൽ മത്സരത്തിൽ കോട്ടയം ജില്ല ഓവറോൾ ചാമ്പ്യന്മാരായി

തൃശ്ശൂരിൽ വച്ച് 2021 മാർച്ച് 13–ാം തിയതി നടന്ന സംസ്ഥാന മാസ്റ്റേഴ്സ് ഗെയിംസ് നീന്തൽ മത്സരത്തിൽ 215 പോയിന്റ് നേടി കോട്ടയം ജില്ല ഓവറോൾ ചാമ്പ്യന്മാരായി. എസ്.ബി.ഐ.പെൻഷണേഴ്സ് അസ്സോസിയേഷന്റെ പാലാ യൂണിറ്റ് അംഗം ശ്രീ.അലക്സ് മേനാംപറമ്പിൽ ഒരു സ്വർണ്ണവും 2 വെള്ളി മെഡലുകളും നേടി മത്സരത്തിലെ അഭിമാന താരമായി.



2nd KERALA STATE MASTERS GAMES

Certificate of Merit

Certified that Mr./Mrs. ALEX MENAMPARAMBIL
Representing KOTTAYAM
For Securing FIRST Place in 50 m FREESTYLE
Group Men / Women 65 +
Performance 40:53
held at Thrissur on 12-14 March 2021.

Balraman T S, President
R S Prasanth, General Secretary
Prof. K U Arunan Master MLA, Chairman, Organising Committee
Sial Bhasker, Organising Secretary

സുവർണ്ണ നേട്ടം ആലേഖനം ചെയ്ത സട്ടിഫിക്കറ്റ്



സംസ്ഥാന മാസ്റ്റേഴ്സ് ഗെയിംസ് നീന്തൽ മത്സരത്തിൽ ഓവറോൾ ചാമ്പ്യന്മാരായ കോട്ടയം ജില്ലാ ടീമംഗങ്ങൾ



ശ്രീ.അലക്സ് മേനാംപറമ്പിൽ




# അഭിനന്ദനങ്ങൾ!!



എസ്.റോഷൻ

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ തിരുവനന്തപുരം യൂണിറ്റ് അംഗം ശ്രീ.എസ്.കൃഷ്ണ മൂർത്തിയുടെ ചെറുമകൻ എസ്.റോഷൻ മുംബൈയി ലുള്ള ഏഷ്യൻ ഷിറ്റൊ-റൈയു സ്പോർട്ട്സ് കരാട്ടെ അസ്സോസിയേഷൻ സംഘടിപ്പിച്ച 5-മത് ഇന്റർനാഷ ണൽ ഓപ്പൺ കരാട്ടെ ചമ്പ്യൻഷിപ്പിൽ വെങ്കല മെഡൽ കരസ്ഥമാക്കി. മാസ്റ്റർ. റോഷന് എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ അഭിനന്ദനങ്ങൾ!! മാസ്റ്റർ. റോഷന് ഇനിയും ഉയരങ്ങൾ കീഴടക്കാൻ കഴിയട്ടെയെന്ന് ആശംസിക്കുന്നു.

# ഡോ.കെ.ആർ.എസ്.നായർക്ക് ആദരം

ഡോ.കെ.ആർ.എസ്.നായരുടെ രണ്ടാമത്തെ പുസ്തകം ആമസോൺ ഇൻഡ്യയിൽ No 1 best seller ആയ വിവരം സസന്തോഷം അറിയിക്കുന്നു.




ആമസോൺ ബെസ്റ്റ് സെല്ലിങ്ങ് ഓഥർ ബഹുമതി നേടിയതിന് ഡോ.കെ.ആർ.എസ്.നായർക്ക് സീനിയർ വെറ്റ്സ് ഫോറം നൽകിയ ആദരിക്കൽ ചടങ്ങിൽ നിന്ന്.

# പെഡൽ ഇല്ലാത്ത സൈക്കിൾ വിസ്മയമൊരുക്കി 14 കാരി തേജസ്വിനി പ്രിയദർശിനി



തേജസ്വനി പ്രിയദർശിനി സ്വന്തം സൈക്കിൾ പ്രദർശിപ്പിക്കുന്നു

എയർ ഗൺ മെക്കാനിസം ഉപയോഗിച്ച് പെഡൽ ചവിട്ടാതെ സൈക്കിൾ ഓടിക്കാമെന്ന് ഒഡീഷയിലെ റൂർക്കേലക്കാരിയായ പെൺകുട്ടി തേജസ്വനി പ്രിയദർശിനി തെളിയിച്ചു. 60 കി.മീ. ദൂരം ഉദ്ദേശം 10 കി.ഗ്രാം വായു കംപ്രസ്സ് ചെയ്തു നിറച്ച സിലിണ്ടർ ഉപയോഗിച്ച് ഓടിച്ചു കാണിച്ച് വിപ്ലവം സൃഷ്ടിച്ചിരിക്കയാണീ 14 കാരി സ്കൂൾ വിദ്യാർത്ഥിനി.




തേജസ്വനി പ്രിയദർശിനി സ്വന്തം സൈക്കിളിൽ

സ്വന്തം സൈക്കിൾ നന്നാക്കുവാനാണ് തേജസ്വനി റിപ്പയർ മെക്കാനിക്കിന്റെ അടുത്ത് പോയത്. ഷോപ്പിൽ ടയറിൽ പിണഞ്ഞു കുരുങ്ങിയ കെട്ടുകൾ അഴിക്കാൻ മെക്കാനിക്ക് എയർ ഗൺ ഉപയോഗിക്കുന്നത് തേജസ്വനി പ്രിയദർശിനിയുടെ ശ്രദ്ധയിൽ പെട്ടു. ഇത് അവളുടെ ചിന്തകളെ പിടിച്ചു കുലുക്കി. ഈ ആശയം സൈക്കിൾ ഓടിക്കുന്നതിനായി പ്രയോജനപ്പെടുത്താ ൻ എന്തുകൊണ്ട് കഴിയില്ല എന്നായി ചിന്ത. ഇത് അച്ഛൻ ആയ നട്‌വർ ഗൊച്ചായത്തിനോട് പങ്ക് വച്ചു.

അദ്ദേഹം മകൾക്ക് എല്ലാവിധ പ്രോത്സാഹനവും നല്കി. ആവശ്യമുള്ള സാധനങ്ങളെല്ലാം വാങ്ങി നല്കി. ഒരു എയർ ടാങ്ക്, വായു കംപ്രസ്സ് ചെയ്ത് നിറയ്ക്കാൻ സാധിക്കുന്ന ഇൻലെറ്റ്, സ്റ്റാർട്ടിങ്ങ് നോബ്, സേഫ്റ്റി വാൽവ് എന്നിവ വാങ്ങി നല്കി.

എയർ ഗൺ പെഡലിന്റെ ഭാഗത്ത് ഉറപ്പിച്ച് ആറ് ബ്ലേഡുകളാൽ സെറ്റ് ചെയ്ത ഗിയർ മുഖേന സൈക്കിൾ ചലിപ്പിച്ച് പ്രവത്തനക്ഷമമാക്കി. ആദ്യമൊക്കെ 10 കി.മീ. ദൂരം വരെയേ സഞ്ചരിയ്ക്കാനായുള്ളു. ഇപ്പോൾ 60 കി.മീ. ദൂരം വരെയെത്തി നിൽക്കുന്നു. ഓഡീഷ സർക്കാർ ഈ സംരഭത്തെ സഹായിക്കാൻ മുന്നോട്ട് വന്നു. ഫ്യുവൽ ഫ്രീ സൈക്കിൾ വിപുലമായി നിർമ്മിച്ച് സ്കൂൾ കുട്ടികൾക്ക് നല്കാനാണ് ഉദ്യമം.



ഈ ആശയം വാഹനങ്ങളിൽ വിപ്ലവകരമായ ഫ്യുവൽ ഫ്രീ, എഞ്ചിൻ ഫ്രീ, പ്രകൃതി സൗഹൃദപരവുമായ മാറ്റങ്ങൾ വരുത്തിയേക്കാം.

# നർമ്മ വീഥി


അടുത്ത ഘട്ടം
വാക്സിൻ
അറുപത്
കഴിഞ്ഞവർ
ക്കെന്ന്..
നമ്മുടെ പേര്
രെജിസ്റ്റർ
ചെയ്യട്ടോടി ?
എന്നിട്ട് വേണം
എനിക്ക് അറുപത്
കഴിഞ്ഞ കാര്യം
ക്ലബ്ബിലെ സൂസനും
സരളയും
റിങ്കുമോളുമൊക്കെ
അറിയാൻ.. അതിലും
ഭേദം കൊറോണ
വന്ന് ചാവുന്നതാ..


She asked him,"why do you always create A Common Man.....why not a common woman....???"
And he smiled & said, "You see,women can never be common......!!!"
#rklaxman


The doctor asked me to spend at least one hour per day on the treadmill.


What's the plan for the week?
As always, Week days - MS Excel & weekends - Surf Excel
CartoonGenie

എന്തുപറ്റി എന്ന ചോദ്യത്തിന് മറുപടി കൊടുത്തു മടുത്തു അതുകൊണ്ടാണ്🤔






Don't shout at me! I'm not your husband!

## #FUN

**Grandfather:** When I was your age, I used to go to the market with two Rupees and bring home soap, rice, milk, bread, ghee, face powder etc
**Grandson:** nowadays it is difficult. There are CCTV cameras everywhere.





# കൗതുക വാർത്തകൾ

## മൂക്കിൽ സ്പ്രേ ചെയ്യുന്ന കോവിഡ് വാക്സിനുമായി

## ഭാരത് ബയോടെക്

നിലവിൽ ഉള്ള കുത്തി വെപ്പ് വാക്സിന് പുറമെ മൂക്കിൽ സ്പ്രേ ചെയ്യുന്ന വാക്സിനുമായി ഭാരത് ബയോ ടെക്. ക്ലിനിക്കൽ ട്രയലിനായി വാക്സിൻ ഡി ജി സി ഐ ഡ്രഗ് കൺട്രോളർ ജനറൽ ഓഫ് ഇന്ത്യയോട് അനുമതി തേടി. ഒന്നാം ഘട്ട ട്രയലിന് ഡി ജി സി ഐ അനുമതി നൽകി എന്നാണ് സൂചന. ആൾട്ടി ഇമ്മ്യൂൺ എന്ന പേരിലുള്ള യു എസ കമ്പനിയാണ് വാക്സിൻ തയ്യാറായേക്കിയിരിക്കുന്നത്.



നേസൽ വാക്സിൻ

നേസൽ വാക്സിൻ എന്നാണ് ഇത് അറിയപ്പെടുന്നത്. കൊറോണയെ പ്രധിരോധിക്കാൻ ഈ മരുന്ന് ഏറെ ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.18 മുതൽ 55 വയസ്സു വരെ പ്രായമുള്ളവരിൽ വാക്സിൻ പരീക്ഷിച്ചു വരുന്നു. ഇതുവരെ നടന്ന പരീക്ഷണങ്ങൾ ഫലപ്രദമാണെന്നാണ് ട്രയലിന് നേതൃത്വം നൽകുന്ന ഡോക്ടർ ബഡ്ഡി ക്രീക്ക് അവകാശപ്പെടുന്നത്.



ഒരു വനിതാ സംഗമ വേദി



### പർവ്വതത്തിന് മുകളിലെ മണ്ണിൽ സ്വർണ നിക്ഷേപം; നാട്ടുകാരുടെ തിരക്കുമൂലം വിലക്കുമായി ഒരു രാജ്യം

Web Team | 14 minutes ago

പർവ്വതത്തിന് മുകളിലെ മണ്ണിൽ ഏറിയ പങ്കും സ്വർണമെന്ന് കണ്ടെത്തിയതിന് പിന്നാലെ നാട്ടുകാരുടെ തിക്കും തിരക്കും. പിന്നാലെ സർക്കാരിന്റെ വിലക്കും. ദി ഡെമോക്രാറ്റിക് റിപബ്ലിക് ഓഫ് ദി കോംഗോയിലാണ് വിചിത്ര സംഭവങ്ങൾ. കോംഗോയിലെ ലൂഹിഹി പർവ്വതത്തിലെ മണ്ണിലാണ് വലിയ രീതിയിൽ സ്വർണ നിക്ഷേപം കണ്ടെത്തിയത്. കോംഗോയിലെ സൌത്ത് കിവു പ്രവിശ്യയിലാണ് ഈ പർവ്വതമുള്ളത്.



No the Hell it isn't




# ശ്രീമതി.വൽസ.റ്റി.കെ.



38 വർഷത്തെ കളങ്കരഹിതവും സ്തുത്യർഹവുമായ സേവനത്തിന് ശേഷം കൊട്ടാരക്കര മുഖ്യ ശാഖയിൽ നിന്നും ഡെ. ബ്രഞ്ച് മാനേജർ ആയി വിരമിക്കുന്ന ശ്രീമതി..റ്റി.കെ. വൽസക്ക് മംഗളാശംസകൾ.

# യാത്രയയപ്പ്

# .കെ.പി. ശിവകുമാർ അസി.ജനറൽ മാനേജർ



ശിവകുമാർ.കെ.പി.

39 വർഷത്തെ കളങ്കരഹിതവും സ്തുത്യർഹവുമായ സേവനത്തിന് ശേഷം കോഴിക്കോട് കണ്ണൂർ റോഡ് ശാഖയിൽ നിന്നും അസിസ്റ്റന്റ് ജനറൽ മാനേജരായി വിരമിക്കുന്ന ശ്രീ. ശിവകുമാർ.കെ.പി.ക്ക് യാത്രാ മംഗളങ്ങൾ!! സന്തോഷവും സമ്പൽ സമൃദ്ധിയും ദീർഘായുസ്സും നിറഞ്ഞ ഹൃദ്യമായ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു.

## സി.പി.സത്യന് ഒരുക്കിയ യാത്രയയപ്പ് സമ്മേളനത്തിൽ

**എസ്.ബി.ഐ.** മുത്തോലപുരം ശാഖയിൽ നിന്നും 42 വർഷത്തെ **സേവനത്തിന് ശേഷം** ചീഫ് അസ്സോസി യേറ്റായി വിരമിച്ച ശ്രീ. സി.പി. സത്യന്റെ **യാത്രയയപ്പ് വേളയിൽ**




കൂത്താട്ടുകളം സായി ഓഡിറ്റോറിയത്തിൽ വച്ച് ശ്രീ. സി.പി.സത്യന് ഒരുക്കിയ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്ത് സംസാരിക്കുന്ന എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷൻ കോട്ടയം ജില്ലാ പ്രസിഡന്റ് ശ്രീ. എം.ജി.രാഘവൻ

# ശ്രീമതി.റ്റി.എച്ച്.അനിത

23 വർഷവും 7മാസവും സ്തുത്യർഹമായ സമർപ്പിത സേവനത്തിന് ശേഷം മേലടി ശാഖയിൽ നിന്നും ചീഫ് അസ്സോസിയേറ്റ് ആയി വിരമിക്കുന്ന ശ്രീമതി . റ്റി. എച്ച്. അനിതക്ക് മംഗളാശംസകൾ.



ശ്രീമതി.റ്റി. എച്ച്.അനിത

ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു.

# ശ്രീമതി.ഉഷ.കെ.എ.



34 വർഷം പിന്നിട്ട കളങ്ക രഹിതവും ഗുണസമ്പുഷ്ടവും സ്തുത്യർഹവുമായ സേവനത്തിന് ശേഷം എസ്.ബി.ഐ. കോടാലി ശാഖയിൽ നിന്നും ചീഫ് അസ്സോസിയേറ്റ് ആയി വിരമിക്കുന്ന ശ്രീമതി. ഉഷ.കെ.എ.

**എല്ലാവർക്കും ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു.**

# ശ്രീ.ജോസ്.വി.ജെ.



34 വർഷവും 8 മാസവും പിന്നിട്ട കളങ്ക രഹിതവും ഗുണസമ്പുഷ്ടവും സ്തുത്യർഹവുമായ സേവനത്തിന് ശേഷം ചീഫ് മാനേജർ ആയി മുളന്തുരുത്തി ശാഖയിൽ നിന്നും വിരമിക്കുന്ന ശ്രീ.ജോസ്.വി.ജെ.ക്ക് മംഗളാശംസകൾ.

# ശ്രീമതി വ്യോമായാനി.കെ.കെ




36 വർഷവും 11 മാസവും പിന്നിട്ട കളങ്ക രഹിതവും ഗുണസ സമ്പുഷ്ടവും സ്തുത്യർഹവുമായ സേവനത്തിന് ശേഷം ഷൊർണ്ണൂർ റീജിയണൽ ബിസ്സിനസ് ഓഫീസിൽ നിന്നും ചീഫ് മാനേജർ ആയി വിരമിക്കുന്ന ശ്രീമതി. ശ്രീമതി വ്യോമായാനി കെ കെ. ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു.

## ശ്രീ.സോമശേഖരൻ.കെ.എൻ.



36 വർഷവും 5 മാസവും പിന്നിട്ട സ്തുത്യർഹമായ സമർപ്പിത സേവനത്തിന് ശേഷം എറണാകുളം ആർ.ബി.ഒ–2 യിൽ നിന്നും എ.റ്റി.എം.ചാനൽ മാനേജർ ആയി വിരമിക്കുന്ന ശ്രീ.സോമശേഖരൻ. കെ.എൻ.ന് മംഗളാശംസകൾ. ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു.

## ശ്രീമതി.സാലി സുന്ദർ




കോട്ടയം മെഡിക്കൽ കോളേജ് ശാഖയിൽ നിന്നും വിരമിക്കുന്ന ശ്രീമതി.സാലി സുന്ദർ

## മാത്യു റ്റി. അമാന്തുരുത്തിൽ



35 വർഷവും 7 മാസവും പിന്നിട്ട കളങ്ക രഹിതവും ഗുണസമ്പുഷ്ടവും സ്തുത്യർഹവുമായ സേവനത്തിന് ശേഷം ചീഫ് മാനേജർ ആയി തൊടുപുഴ ആർ.ബി.ഒ –5 ൽ നിന്നും വിരമിക്കുന്ന ശ്രീ. മാത്യു റ്റി. അമാന്തുരുത്തിന് മംഗളാശംസകൾ.




ശ്രീ. മാത്യു റ്റി. അമാന്തുരുത്തിന് തൊടുപുഴ ആർ.ബി.ഒ –5 ൽ ഒരുക്കിയ യാത്രയയപ്പ് സമ്മേളനത്തിൽ നിന്ന്



ശ്രീ. മാത്യു റ്റി. അമാന്തുരുത്തിന് തൊടുപുഴ ആർ.ബി.ഒ –5 ൽ ഒരുക്കിയ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്ത് സംസാരിക്കുന്ന എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷൻ ഇടുക്കി ജില്ലാ സെക്രട്ടറി ശ്രീ. ജോർജ്ജ്

# മംഗളാശംസകൾ



ഡി.ജി.എസ്. ശ്രീ.മാത്യു അടക്കാ മുണ്ടക്കൽ

## മാർച്ച് മാസത്തിൽ വിരമിക്കുന്ന നമ്മളുടെ സുഹൃത്തുക്കൾ

### എറണാകുളം ഏരിയ

1) ശ്രീ അനിൽകുമാർ എം ഡി
2)ശ്രീ ഫ്രാൻസിസ് കെ ജോസഫ്
3) ശ്രീ ജോസ് വി ജെ
4)ശ്രീമതി കലാ ആർ
5) ശ്രീ പൗലോസ് എ യാക്കോബ്
6)ശ്രീ സോമശേഖരൻ കെ എൻ
7) ശ്രീമതി ശ്യാമളകുമാരി റ്റി ബാബു റാവു
8) ശ്രീ വള്ളി എം കെ
9)വിജയൻ കെ വേലായുധൻ

### ഇടുക്കി ഏരിയ

10) ശ്രീ ഗോപിനാഥൻ കെ എം
11) ശ്രീ മാത്യു റ്റി അമാൻതുരുത്തിൽ

### കണ്ണൂർ ഏരിയ

12) ശ്രീ പ്രഭാകരൻ എ
13)ശ്രീ പ്രദീപ്കുമാർ കെ
കാസർഗോഡ് ഏരിയ
14) ശ്രീ പ്രദീപ് കെ എൻ

### കൊല്ലം ഏരിയ

15) ശ്രീമതി ഗീതാ ഭായി സി
16)ശ്രീമതി വത്സ തണ്ടേൽ കുട്ടപ്പൻ

### കോട്ടയം ഏരിയ

17) ശ്രീ ബാലചന്ദ്രൻനായർ പി ജീ
18) ശ്രീ ജെയിംസ് പി എ
19)ശ്രീമതി ജാനമ്മ റ്റി ജീ
20) ശ്രീ ലാസർ കെ പി
21)ശ്രീമതി സാലി സുന്ദർ

### ആലപ്പുഴ ഏരിയ

22) ശ്രീമതി ജയശ്രീ കെ
23) ശ്രീ ജോൺ കെ മാത്യു

### കോഴിക്കോട് ഏരിയ

24)ശ്രീമതി അനിത റ്റി എച്ച്
25)ശ്രീ ശിവകുമാർ കെ പി
26) ശ്രീ വേണുഗോപാലൻ കെ

### പാലക്കാട് ഏരിയ

27)ശ്രീ മഹാദേവൻ എം ശങ്കരൻ
28)ശ്രീ പി പുഷ്പരാജ്
29) ശ്രീ രാധാകൃഷ്ണൻ പി
30ശ്രീ സതീശൻ കെ വി
31)ശ്രീ സുധിർ ഗോപാലൻ നായർ
32)ശ്രീമതി സൂസന്ന കെ ജോർജ്
33)ശ്രീമതി വ്യോമായാനി കെ കെ

### പത്തനംതിട്ട ഏരിയ

34)ശ്രീ ജയദേവൻ പി സി
35)ശ്രീ സജീവ് മാത്യു
36)ശ്രീമതി ഷേർലി തോമസ്

### തൃശ്ശൂർ ഏരിയ

37)ശ്രീ ഹരിദാസൻ പി
38)ശ്രീമതി മേരി റ്റി ഡി
39)ശ്രീമതി റോസ് അബ്രഹാം ചക്കാലക്കൽ
40)ശ്രീമതി ശ്രീദേവി റ്റി
41)ശ്രീ തോമസ് ഈ വി
42)ശ്രീമതി ഉഷാ കെ എ

### തിരുവനന്തപുരം ഏരിയ

43) ശ്രീ വാസുദേവ റാവു ശ്രീനിവാസൻ
44)ശ്രീ അജയ കുമാര പ്രഭു കെഎസ്
45)ശ്രീ ജേക്കബ് തോമസ്
46)ശ്രീ മോഹൻദാസ് സി
47)ശ്രീമതി രാധ കെ
48)ശ്രീമതി സരോജാ എൻ പി

49)ശ്രീ ഷാജി എസ്

## വയനാട് ഏരിയ

50)ശ്രീ റോബർട്ട് കെ പി
51)ശ്രീ ശ്രീ സജീവാ നായിക് ബാജകൂഡ്ലു

## മലപ്പുറം

52) ശ്രീ അബ്ദുൽ മജീദ് കെ പി
53) ശ്രീ കൃഷ്ണൻ എം

**ബാങ്കിനോട് വിടപറയുന്ന നമ്മുടെ സുഹൃത്തുക്കൾക്കു എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷന്റെ അഭിവാദ്യങ്ങൾ**

**വളരെ സന്തോഷം നിറഞ്ഞ വിശ്രമ ജീവിതം ആശംസിക്കുന്നു .**

**നമുക്ക് ഒരുമിച്ചു തുഴയാം ഇനിയുള്ള ജീവിതം , നിങ്ങളുടെ ഒപ്പം സംഘടന ഉണ്ടാകും നിങ്ങൾക്ക് ഒരു തുണയായി ,സഹായി ആയി.**

## □ആശംസകൾ □

പ്രിയപ്പെട്ടവരെ,

ഇന്ന് മാർച്ച് 31. തിരുവനന്തപുരം സർക്കിളിലെ 53 പേർ സർവീസ് പൂർത്തിയാക്കി നമ്മുടെ ബാങ്കിൽനിന്നും പടിയിറങ്ങുകയാണ്. അവരെ സംബന്ധി ച്ചിടത്തോളം വ്യക്തി ജീവിതത്തിലെ അത്യപൂർവമായ ചില നിമിഷങ്ങൾ ആലേഖനം ചെയ്ത ഒരു ദിവസ മാണിത്. അതുകൊണ്ട് തന്നെ ഏറെക്കാലം ഓർമ്മകളിൽ സൂക്ഷിക്കാൻ പാകത്തിൽ ഈ വിടപറയൽ ചടങ്ങ് ഒരുക്കുന്നതിൽ ശ്രദ്ധാലുക്കളായിരുന്നു നമ്മളേവരും. കേരളത്തിലങ്ങോളമിങ്ങോളമുള്ള ശാഖക ളിൽ നടത്താറുള്ള ഈ യാത്രയയപ്പ് ചടങ്ങുകളിൽ എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷന്റെ നിറസാന്നിദ്ധ്യവും പങ്കാളിത്തവും ഉണ്ടായിരുന്നു. ദൗർഭാഗ്യവശാൽ കോവിഡ് 19 മഹാമാരിയുടെ ഭയാശങ്കകൾ കനം തൂങ്ങിനിൽക്കുന്ന പ്രത്യേക സാഹചര്യത്തിൽ സമുചിതമായ ഒരു യാത്രയയപ്പിന് കഴിയാതെ വന്നിരിക്കുന്നു. ഇന്ന് ജോലിയിൽ നിന്നും വിരമിച്ചു പടിയിറങ്ങുന്ന പ്രിയ സഹോദരി സഹോദരന്മാർക്ക് എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ഊഷ്മളമായ ആശംസകൾ അറിയി ക്കുന്നതോടൊപ്പം തന്നെ ഏവരേയും ഈ മഹത്തായ സംഘടനയിലേക്ക് സർവാത്മനാ സ്വാഗതം ചെയ്യുകയും ചെയ്യുന്നു.

വിശ്വസ്തതയോടെ,





**കെ. രാജീവൻ,**
**പ്രസിഡന്റ്,**

**എ. ജയകുമാർ**
**ജനറൽ സെക്രട്ടറി**

**എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷൻ**

# വായനക്കാർ എഴുതുന്നു........



www.shutterstock.com · 751048156

**എന്റെ രണ്ടാമത്തെ പുസ്തകം ആമസോൺ ഇൻഡ്യയിൽ ആമസോൺ ബെസ്റ്റ് സെല്ലിങ്ങ് ഓഥർ No 1 best seller ആയ വിവരം സസന്തോഷം അറിയിക്കുന്നു. ഞാൻ Amazon best selling author ആയതിനെ തുടർന്ന് പ്രശസ്ത എഴുത്തുകാരൻ വിക്രം ഛേയ്ത്താൻ നടത്തിയ അഭിമുഖം ഇതോടൊന്നിച്ച് അയയ്ക്കുന്നത് സദയം കാണുക. ആഗോളസഞ്ചാരം നടത്തുന്ന ഈ വീഡിയോയിലൂടെ ജീവിതവിജയത്തിന് ഒരു ഗുരുവിന്റെ ആവശ്യകത എന്തെന്ന് വ്യക്തമാക്കുന്നത് കേൾക്കാൻ അവസാനം വരെ ദയവായി കാണുക.**

**https://www.amazon.com/dp/B08TWLG1YG/ref=rdr_kindle_ext_tmb**
**ഡോ.കെ.ആർ.എസ്.നായർ**

## കൊവിഡ് വാക്സിനേഷൻ

**കൊവിഡ് വാക്സിനേഷൻ ഞാനും ഇന്ന് സ്വീകരിച്ചു. വാക്സിനേഷൻ സെന്ററിൽ എത്തുന്നതിന്റെ മുൻപ് ഒരു ചെറിയ ഭയം ഉണ്ടാകാതിരുന്നില്ല. എന്നാൽ തീർത്തും ഉറപ്പിച്ച് പറയാൻ പറ്റും നേരിയ ഒരു വേദന എന്നതിലുപരി ഒരു ഭയാശങ്കയ്കും അടിസ്ഥാനമില്ലാ. സൗജന്യമായി നൽകുന്ന ഈ കൊവിഡ് വാക്സിൻ എത്രയും പെട്ടെന്ന് സ്വീകരിച്ച് സ്വയം രക്ഷപ്പെടുക എന്നതിലുപരി നമ്മൾ ഒരു വാഹകരാവാതെ മറ്റുള്ളവർക്ക് കൂടി രക്ഷകരാവുക.**

**എം.വിജയൻ**
**ജില്ലാ സെക്രട്ടറി, കാസർഗോഡ്**

# വിരമിക്കുന്നവരുടെ പ്രത്യേക ശ്രദ്ധയ്ക്ക്



കെ.ജി.രവീന്ദ്രൻ

31.05.2021-ാം തിയതി റിട്ടയർ ആകാൻ പോകുന്ന മിഡിൽ മാനേജ്മെന്റ് ഗ്രേഡ് സ്കെയിൽ II വിലുള്ള (എം.എം.ജി.എസ്.2) ഒരാൾ ഫെബ്രുവരി 2021 മാസത്തെ സാലറി സ്ലിപ് സംശയ നിവാരണത്തിനായി എന്നെ കാണിച്ചുതന്നപ്പോൾ ഇനിയും വിരമിക്കുന്ന എല്ലാവർക്കും പ്രയോജനപ്പെട്ടേക്കാം എന്നു കരുതിയാണ് ഈ കറിപ്പ് എഴുതുന്നത്. മേല്പ്പറഞ്ഞ സ്ലിപ്പിൽ സ്കെയിലിന്റെ മാക്സിമത്തിൽ എത്തി നാല് വർഷം കഴിഞ്ഞിട്ടും **PQP, FPP, Stagnation increment,** എന്നിവ കൃത്യമായി ലഭിച്ചിട്ടില്ലയെന്ന് വ്യക്തമായി. ഇതിന്റെ രേഖകൾ പരിശോധിച്ച് തെറ്റ് തിരുത്തി ശരിയാക്കി കിട്ടുന്നതിന് അപേക്ഷ കൊടുത്തിരിക്കുകയാണ്. ഇതുപോലെ പലർക്കും സംഭവിച്ചിട്ടുണ്ടാകാം. റിട്ടയർ ചെയ്യാൻ പോകുന്നവർ ശമ്പള പരിഷ്കരണത്തിന്റെ സർക്കുലർ നോക്കി സാലറി സ്ലിപ്പ് പരിശോധിച്ച് കൃത്യമെന്ന് ഉറപ്പ് വരുത്തുക. വിരമിക്കലിന് മുൻപ് രേഖകളും അപേക്ഷയും കോടുക്കുന്നതിന് മുൻപ് നിങ്ങൾക്ക് ലഭിക്കുന്ന വരുമാനം കൃത്യമാണെന്ന് ഉറപ്പ് വരുത്തിയില്ലെങ്കിൽ അത് പെൻഷനേയും ബാധിച്ചേക്കാം. സംശയ നിവാരണത്തിന് 9447733314 എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

**കെ.ജി.രവീന്ദ്രൻ**

എസ്.ബി.ഐ.ഓഫീസേഴ്സ് അസോസ്സിയേഷന്റെ **മുൻ** എറണാകുളം **ഡെപ്യൂട്ടി ജനറൽ സെക്രട്ടറി**




# കണ്ണീർ പ്രണാമം!

## നിര്യാതനായി എം.പി.വേലായുധൻ

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോഴിക്കോട് യൂണിറ്റ് അംഗം എസ്.ബി.ഐ. തിരുവണ്ണൂർ ശാഖയിൽ നിന്നും റിട്ടയറായ ഉദ്യോഗസ്ഥൻ എം.പി.വേലായുധൻ (എൽ.എം.2965) അന്തരിച്ചു



എം.പി.വേലായുധൻ

ഭാര്യ യമുന എം.റ്റി., അദ്ദേഹത്തിന്റെ അകാല വിയോഗ ത്തിൽ ദുഖിതരായ കടുംബാംഗങ്ങളോടൊപ്പം എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷനും പങ്ക് ചേരുന്നു.

## ശ്രീമതി. മേരി ജോർജ്ജ്

എസ്,ബി,ഐ, മുൻ ഉദ്യോഗസ്ഥൻ റിട്ടയറായ എ.ജി.എം ശ്രീ.ജെറി തോട്ടാന്റെ മാതാവ് ശ്രീമതി. മേരി ജോർജ്ജ് നിര്യാതയായ വിവരം വ്യസന സമേതം റിപ്പോർട്ട് ചെയ്യുന്നു.



ശ്രീമതി. മേരി ജോർജ്ജ്

ശവസംസ്കാരം സെന്റ് മേരീസ് ബസിലിക്ക സെമി ത്തേരിയിൽ 13.03.2021 ന് നടത്തി. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ അനുശോചനം അറിയിക്കുന്നു. സന്തപ്ത കുടുംബാംഗങ്ങളുടെ ദുഖത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസി യേഷനും പങ്കു ചേരുന്നു.

## ശ്രീ. പി.മോഹനൻ

**മുൻ എസ്.ബി.റ്റി. ഓഫീസർ ശ്രീ.പി.മോഹനൻ (റിട്ട. ഓഫിസർ) പൊയ്കതലക്കൽ , പാത്താമുട്ടം നിര്യാതനായി .**



ശ്രീ.പി.മോഹനൻ

**ശവസംസ്കാരം പരുത്തും പാറ പള്ളി സെമിത്തേരിയിൽ 13-3-2021 വൈകുന്നേരം 4 മണിക്ക** നടത്തി. **കുടുംബാംഗങ്ങൾ: ഭാര്യ :ശ്രീമതി ഷീല മോഹൻ മക്കൾ** :നന്ദന , **തനിയ.** അനുശോചനം അറിയിക്കുന്നു. സന്തപ്ത കുടുംബാംഗങ്ങളുടെ ദുഖത്തിൽ പങ്കു ചേരുകയും ചെയ്യുന്നു.

## ശ്രീമതി. ചിന്നമ്മ

**എസ്.ബി.ഐ. റിട്ട. ചീഫ് മാനേജർ ശ്രീ.ജെയിംസ് കഞ്ഞിന്റെ മാതാവ് കുന്നപ്പള്ളിൽ ചിന്നമ്മ അന്തരിച്ചു. 89 വയസ്സായിരുന്നു. സംസ്കാരം താമരക്കുന്ന് പള്ളിയിൽ നടത്തി. മാഞ്ഞൂർ കാഞ്ഞിരക്കാട്ട് കടുംബാംഗമാണ്.**



ശ്രീമതി. ചിന്നമ്മ

എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു.

# ആദരാഞ്ജലികൾ!!

## ശ്രീ. ജോൺ മാത്യൂ (മാത്തുക്കുട്ടി-81)



### ശ്രീ . ജോൺ മാത്യൂ

മുൻ ദേശീയ വോളീബോൾ താരവും ദീർഘകാലം എസ്.ബി.ഐ. മാനേജരുമായിരുന്ന ചെമ്മരിക്കാട്ട് ജോൺ മാത്യൂ (മാത്തുക്കട്ടി-81) നിര്യാതനായ വിവരം വ്യസനസമേതം അറിയിക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ മദ്രാസ് സർക്കിളിൽ ബാങ്ക് റ്റീമിന്റെ ക്യാപ്റ്റനായിരുന്നു. 1962-65 കാലത്ത് ഇന്ത്യൻ ടീം ക്യാമ്പിലും പങ്കെടുത്തു. ഭാര്യ മീര മാത്യു. മക്കൾ കുര്യൻ മാത്യു, അബു മാത്യു., സൂസൻ നൈനാൻ. സംസ്കാരം വസതിയിലെ ശിശ്രൂഷക്ക് ശേഷം കോഴഞ്ചേരി സെന്റ് തോമസ് മാർത്തോമ്മ പള്ളി സെമിത്തേരിയിൽ നടത്തി. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കണ്ണീർ പ്രണാമം!

## ശ്രീ.തോമസ് ജോർജ്ജ് നിര്യാതനായി.



### ശ്രീ.തോമസ് ജോർജ്ജ്

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ തിരുവനന്തപുരം യൂണിറ്റ് അംഗം ശ്രീ. തോമസ് ജോർജ്ജ് കൊട്ടോമണ്ണിൽ, കമ്മറ്റം റോഡ്, വഞ്ചിയൂർ, തിരുവനന്തപുരം (L.M.2987) നിര്യാതനായി. സംസ്കാരം വസതിയിലെ ശിശ്രൂഷക്ക് ശേഷം സെമിത്തേരിയിൽ നടത്തി. ഭാര്യ ഷീലാ തോമസ് മക്കൾ: ദിവ്യ, നിഷ മരുമക്കൾ: നിതിൻ, രാഹുൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

**എറണാകുളത്ത് എസ്.എസ്.ഐ.ശാഖയിൽ 2001-2002 കാലത്ത് ഒന്നിച്ച് ജോലി ചെയ്തിരുന്നത് മുതലുള്ള സൗഹൃദം. ഒരിക്കൽ ഇത്തരം ഒരു വാർത്ത തെറ്റി പ്രചരിച്ചിരുന്നു. ഇതും അങ്ങനെ ആയിരുന്നെങ്കിൽ എന്ന് ആശിച്ചു പോയി. പ്രിയ തോമസ് ജോർജ്ജിന് ഏറെ ദു:ഖത്തോടെ വിട...
എം.ജി.രാഘവൻ, ജില്ലാ പ്രസിഡന്റ്**

## ശ്രീ.രാമനാഥൻ



ശ്രീ.രാമനാഥൻ.എസ്.

എസ്.ബി.ഐ.ഓഫീസേഴ്സ് അസോസ്സിയേഷന്റെ എറണാകുളം **ഡെപ്യൂട്ടി ജനറൽ സെക്രട്ടറി** ശ്രീ. എസ്. രാമനാഥൻ ആകസ്മികമായി ഹൃദയാഘാതത്തെത്തുടർന്ന് അകാലത്തിൽ അന്തരിച്ച വിവരം വ്യസനസമേതം റിപ്പോർട്ട് ചെയ്യുന്നു.

അകാലത്തിൽ ഏല്ലാവരേയും ദു:ഖത്തിലാഴ്ത്തി വിടപറഞ്ഞ അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്ക് മുന്നിൽ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ **ആദരാഞ്ജലികൾ!!**

# ശ്രീമതി.കത്രീനാമ്മ ജോർജ്ജ് (93)

**എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ പാലാ യൂണിറ്റ് അംഗം , നടുത്തുണ്ടത്തിൽ, കാഞ്ഞിരമറ്റം, പാലാ ശ്രീ. ജോയിക്കുട്ടി ജോർജ്ജിന്റെ മാതാവ് ശ്രീമതി.കത്രീനാമ്മ ജോർജ്ജ് . ( കുട്ടിയമ്മ) അന്തരിച്ചു. 93 വയസ്സായിരുന്നു. സംസ്കാരം കൊറോണ പ്രോട്ടോക്കോൾ പ്രകാരം കാഞ്ഞിരമറ്റം മാർ സ്ലീവാ പള്ളി സെമിത്തേരിയിൽ നടത്തി.**



**ശ്രീമതി.കത്രീനാമ്മ ജോർജ്ജ്**

സന്തപ്ത കുടുംബാംഗങ്ങളുടെ ദുഖത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷനും പങ്കുചേരുന്നു.

# ശ്രീമതി.ഏലിക്കുട്ടി ഡി'കൂട്ടോ

**മുൻ കോട്ടയം ജില്ലാ പ്രസിഡന്റും, സംസ്ഥാന വൈസ് പ്രസിഡന്റുമായിരുന്ന റിട്ട.എ.ജി.എം. ശ്രീ.ആന്റണി ഡി'കൂട്ടോയുടെ സഹധർമ്മിണി ശ്രീമതി.ഏലിക്കുട്ടി ഡി'കൂട്ടോ നിര്യാതയായി എന്ന ദു:ഖകരമായ വാർത്ത വ്യസന സമേതം റിപ്പോർട്ട് ചെയ്യുന്നു. 81 വയസ്സായിരുന്നു.**

**സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ.എ. ജയ കുമാർ, മുൻ ജനറൽ സെക്രട്ടറി ശ്രീ.ജോൺ ജോസഫ് തിരുവനന്തപുരം ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ശ്രീ. സുരേന്ദ്ര നഥ് ഭാസ്.പി., തുടങ്ങിയ സംസ്ഥാന നേതാക്കളും ജില്ലാ നേതാക്കളും ആദരാഞ്ജലികൾ അർപ്പിക്കുവാ ൻ വസതിയിൽ എത്തിയിരുന്നു.**



ശ്രീമതി.ഏലിക്കുട്ടി ഡി'കൂട്ടോ



സംസ്കാരം വസതിയിലെ ശിശ്രൂഷക്ക് ശേഷം തെള്ളകം സെന്റ് മേരീസ് പള്ളി സെമിത്തേരിയിൽ നടത്തി.



ശ്രീ. ആന്റണി ഡി' കൂട്ടായുടെയും സന്തപ്ത കുടുംബാംഗങ്ങളുടെയും ദുഖത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷൻ പങ്ക് ചേരുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

## ശ്രീമതി. മറിയാമ്മ ജോസഫ്



ശ്രീമതി. മറിയാമ്മ ജോസഫ്

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം യൂണിറ്റ് അംഗം റിട്ട. ഡെ. മാനേജർ ശ്രീ. ജോൺ ജോസഫിന്റെ മാതാവ് ശ്രീമതി. മറിയാമ്മ ജോസഫ് അന്തരിച്ച വിവരം വ്യസനസമേതം റിപ്പോർട്ട് ചെയ്യുന്നു. 90 വയസ്സായിരുന്നു. സംസ്കാരം വസതിയിലെ ശിശ്രൂഷക്ക് ശേഷം ചങ്ങനാശ്ശേരി മെട്രോപൊളിറ്റൻ പള്ളി സെമിത്തേരിയിൽ നടത്തി. സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ.എ. ജയകുമാർ, മുൻ ജനറൽ സെക്രട്ടറി ശ്രീ.ജോൺ ജോസഫ്, തിരുവനന്തപുരം ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ശ്രീ. സുരേന്ദ്ര നഥ് ഭാസ്.പി., തുടങ്ങിയ സംസ്ഥാന നേതാക്കളും ജില്ലാ നേതാക്കളും ആദരാഞ്ജലികൾ അർപ്പിക്കുവാൻ വസതിയിൽ എത്തിയിരുന്നു. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ആദരാജ്ഞലികൾ!

## ജോൺ ഈപ്പൻ (80)

അറുനൂറ്റിമംഗലം എസ് ബി ഐ ശാഖയിൽ നിന്നും 2001 ൽ റിട്ടയർ ചെയ്ത ജോൺ ഈപ്പൻ (80) വാർദ്ധക്യസഹജമായ അസുഖം മൂലം നിര്യാതനായ വിവരം വ്യസനസമേതം അറിയിച്ചുകൊള്ളുന്നു. എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേ ഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാ ത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.




സംസ്കാരം 31.03.2021 ബുധനാഴ്ച 10.30 മണിക്ക് കൊതവറ സെൻറ് സേവിയേഴ്സ് പള്ളിയിൽ. നടത്തി. അദ്ദേഹത്തിന് എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ആദരാഞ്ജലികൾ അർപ്പിക്കുന്നു



ശ്രീ. ജോൺ ഈപ്പന്റെ വസതിയിലെത്തി എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനെ പ്രതിനിധീകരിച്ച് റീത്ത് സമർപ്പിച്ച് ആദരം അർപ്പിക്കുന്ന വൈക്കം ഏരിയക്കമ്മറ്റി കൺവീനർ ശ്രീ.പി.പി.ഫിലിപ്പ്. വൈക്കം ഏരിയക്കമ്മറ്റി അംഗം ശ്രീ.ജോസഫ് പള്ളിയിൽ, ജില്ലാ ട്രഷറർ ശ്രീ.തോമസ് ഫിലിപ്പ്, ശ്രീ.ജോർജി ജോസഫ് എന്നിവരേയും കാണാം.

**പദേശക സമിതി**

**ശ്രീ.കെ.രാജീവൻ,**

**സംസ്ഥാന പ്രസിഡന്റ്**

**എ.ജയകുമാർ, സംസ്ഥാന സെക്രട്ടറി**

**പത്രാധിപ സമിതി**

**രക്ഷാധികാരി**

**മാത്യു അടയ്ക്കാമുണ്ടയ്ക്കൽ**

**മാനേജിംഗ് എഡിറ്റർ**

**ശ്രീ.എം.ജി.രാഘവൻ**

**ചീഫ് എഡിറ്റർ ശ്രീ.പി.പി.ഫിലിപ്പ്**

**പത്രാധിപ സമിതി അംഗങ്ങൾ**

പി.എം.ജേക്കബ്

സി.പി.മാത്യു

എം.പി.പുഷ്കരൻ

സി.കെ.വിശ്വനാഥൻ നായർ

ഈശോ ചെറിയാൻ

ജോൺ വി. ചെറിയാൻ

ജോസഫ് ജോൺ

ത്രേസ്സ്യാമ്മ ആന്റണി

കെ.വി.ജോർജ്ജ്

കെ. കെ.പാപ്പച്ചൻ

**P.S:** ഇതിൽ പ്രകടിപ്പിച്ചിരിക്കുന്ന ആശയങ്ങളും എല്ലാ അഭിപ്രായങ്ങളും എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റേത് ആയിക്കൊള്ളണമെന്നില്ല

**ഒരു സൃഷ്ടിയും ഒരിക്കലും പൂർണ്ണമാകുന്നില്ല. സൂഷ്മമായി നിരീക്ഷിച്ചാൽ കുറവുകൾ**

**കടേ - ക്കാം. അവ ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയാലും. അഭിപ്രായങ്ങൾ ക്ഷണിക്കുന്നു.**

